I ഇ.ബി. XV -  കേരള നിയമസഭ/VI-3

# പതിനഞ്ചാം കേരള നിയമസഭ

ആറാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2022 ആഗസ്റ്റ് 24, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I. **അടിയന്തരപ്രമേയം**

ഉന്നത വിദ്യാഭ്യാസ മേഖല നേരിടുന്ന നിലവാരത്തകർച്ച

മി. സ്പീക്കർ: കണ്ണൂർ സർവ്വകലാശാലയിലുൾപ്പെടെ കേരളത്തിലെ സർവ്വകലാശാലകളിൽ പിൻവാതിൽ നിയമനങ്ങൾ നടക്കുന്നതായും അതുമൂലം ഉന്നത വിദ്യാഭ്യാസ മേഖല തകർച്ച നേരിടുന്നതായും പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ  റോജി എം. ജോൺ, മഞ്ഞളാംകുഴി അലി, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ,

ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്. ചട്ടം 52, 53 എന്നിവപ്രകാരം കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയത്തെക്കുറിച്ചുള്ള പരാമർശം ഒഴിവാക്കി സംസാരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): ഉന്നത വിദ്യാഭ്യാസരംഗം മാറ്റത്തിന്റെയും മുന്നേറ്റത്തിന്റെയും പാതയിലാണ്. ഉന്നത വിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാര വർദ്ധനവ് ഇടതുപക്ഷ ഗവൺമെന്റിന്റെ പ്രഖ്യാപിത ലക്ഷ്യമാണ്. ഇതിലൂടെ സംസ്ഥാനത്ത് വിജ്ഞാന സമ്പദ്‌വ്യവസ്ഥ സൃഷ്ടിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. ഉന്നത വിദ്യാഭ്യാസ മേഖലയിൽ സമഗ്രവും സമൂലവുമായ പരിഷ്കരണങ്ങൾ കൊണ്ടുവരുന്നതിന് നിയോഗിക്കപ്പെട്ട കമ്മീഷനുകൾ സമർപ്പിച്ച റിപ്പോർട്ടുകളിന്മേൽ തുടർനടപടികൾ സ്വീകരിച്ചുവരികയാണ്. പൊതുവിദ്യാഭ്യാസയജ്ഞത്തിന്റെ തുടർച്ചയെന്നോണം ഉന്നതവിദ്യാഭാസ സ്ഥാപനങ്ങളെയും മികവിന്റെ കേന്ദ്രങ്ങളാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം. സർവ്വകലാശാലകളിൽ വേണ്ടത്ര അദ്ധ്യാപകരെ നിയമിക്കുകയും പഠന-പശ്ചാത്തല സൗകര്യങ്ങൾ ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്. കണ്ണൂർ സർവ്വകലാശാലയിലെ മലയാളം വിഭാഗത്തിലെ നിയമനവുമായി ബന്ധപ്പെട്ട

കാര്യമാണ് അടിയന്തരപ്രമേയത്തിൽ പരാമർശിച്ചിട്ടുള്ളത്. മലയാളം വിഭാഗത്തിലെ അസോസിയേറ്റ് പ്രൊഫസർ തസ്തികയിലേയ്ക്ക് 10 അപേക്ഷകൾ ലഭിച്ചതിൽ യു.ജി.സി. റെഗുലേഷൻ നിഷ്കർഷിക്കുന്ന മിനിമം അക്കാദമിക് സ്കോറടക്കം നിർദ്ദിഷ്ട അടിസ്ഥാന യോഗ്യതയുള്ള ആറുപേരെയാണ് സെലക്ഷൻ കമ്മിറ്റി ഇന്റർവ്യൂ ചെയ്തിട്ടുള്ളത്. യു.ജി.സി. റെഗുലേഷൻ പ്രകാരം രൂപീകരിച്ച എട്ടംഗ സെലക്ഷൻ കമ്മിറ്റി നിബന്ധനകൾ പാലിച്ചുകൊണ്ട് തയ്യാറാക്കിയ സെലക്ട് ലിസ്റ്റ് സിൻഡിക്കേറ്റ് അംഗീകരിക്കുകയും പ്രൊവിഷണൽ റാങ്ക് പട്ടിക തയ്യാറാക്കി വിജ്ഞാപനം പുറപ്പെടുവിക്കുകയും സർട്ടിഫിക്കറ്റുകൾ പരിശോധിച്ച് അന്തിമ പട്ടിക തയ്യാറാക്കിവരികയുമാണ്. നിലവിൽ ടി വിഷയം ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലായതിനാൽ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. സർവ്വകലാശാലകളിലെ നിയമനവുമായി ബന്ധപ്പെട്ട് സർക്കാരിന് യാതൊരു ബന്ധവുമില്ല. നിയമന യോഗ്യതയുടെ കാര്യത്തിൽ നിലവിലുള്ള കീഴ്‌വഴക്കമോ മാനദണ്ഡമോ ലംഘിക്കപ്പെട്ടിട്ടില്ലെന്ന് സർവ്വകലാശാലയ്ക്ക് നിയമോപദേശം ലഭിച്ചിട്ടുണ്ട്. കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖല ആർജ്ജിച്ച നേട്ടങ്ങളെ ഇകഴ്ത്തി കാട്ടാനാണ് അടിയന്തരപ്രമേയത്തിലൂടെ ശ്രമിക്കുന്നത്. കേരളത്തിലെ ഉന്നത

വിദ്യാഭ്യാസ മേഖല പൂർണ്ണമായും തകർച്ചയിലാണെന്ന ആരോപണം വസ്തുതാവിരുദ്ധമാണ്.

ശ്രീ. റോജി എം. ജോൺ: കണ്ണൂർ സർവ്വകലാശാലയിലെ അസോസിയേറ്റ് പ്രൊഫസർ നിയമനവുമായി ബന്ധപ്പെട്ട വിഷയമാണ് അടിയന്തരപ്രമേയമായി വന്നത്. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയുടെ ഭാര്യയ്ക്ക് സെലക്ഷൻ കമ്മിറ്റി ഒന്നാം റാങ്ക് നൽകിയത് മാനദണ്ഡങ്ങൾ ലംഘിച്ചുകൊണ്ടാണ്. ഇന്റർവ്യൂവിൽ പങ്കെടുത്ത ഉദ്യോഗാർത്ഥികളിൽ ഏറ്റവും കുറഞ്ഞ റിസർച്ച് സ്കോറും അദ്ധ്യാപന പരിചയവുമുള്ള ആളിനാണ് ഒന്നാം റാങ്ക് നൽകി നിയമനം നൽകിയിരിക്കുന്നത്. യു.ജി.സി. ചട്ടപ്രകാരമുള്ള 8 വർഷത്തെ അധ്യയന പരിചയം കണക്കാക്കിയിരിക്കുന്നതും ചട്ടവിരുദ്ധമായാണ്. യു.ജി.സി. റെഗുലേഷൻ ലംഘിച്ചുകൊണ്ടാണ് കണ്ണൂർ യൂണിവേഴ്സിറ്റി ഒരു വ്യക്തിക്ക് നിയമനം നൽകിയിരിക്കുന്നത്. മാനദണ്ഡങ്ങൾ കാറ്റിൽപ്പറത്തി അടിസ്ഥാന യോഗ്യതയില്ലാത്തവരെ രാഷ്ട്രീയ സ്വാധീനത്തിന്റെ പേരിൽ നിയമിക്കുന്ന രീതിയാണ് കേരളത്തിലെ സർവ്വകലാശാലകളിൽ നടന്നുവരുന്നത്.

(പ്രമേയാവതാരകന് പ്രസംഗം ഉപസംഹരിക്കാൻ അവസരം നൽകിയില്ലെന്നാരോപിച്ച് പ്രതിപക്ഷാംഗങ്ങൾ അവരവരുടെ

ഇരിപ്പിടങ്ങളിൽനിന്നും എഴുന്നേറ്റുനിന്ന് ബഹളം വയ്ക്കുകയും അല്പസമയത്തിനുശേഷം സ്വസ്ഥാനങ്ങളിൽ ഉപവിഷ്ടരാകുകയും ചെയ്തു.)

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): ഇടതുപക്ഷ ഗവൺമെന്റ് നടപ്പിലാക്കുന്ന ഉന്നത വിദ്യാഭ്യാസ പരിഷ്കരണ ശ്രമങ്ങളുടെ ശോഭകെടുത്താനും ഉന്നത വിദ്യാഭ്യാസരംഗം പണവും സാമൂഹ്യ പദവിയുമുള്ളവർക്ക് മാത്രമായി ഒതുക്കിനിർത്താനുമുള്ള ഗൂഢലക്ഷ്യങ്ങളാണ് ഇത്തരം വിവാദങ്ങൾക്ക് പിന്നിലുള്ളത്. സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസത്തിന്റെ ആഗോള ഹബ്ബായി മാറ്റുമെന്ന ഇടതുപക്ഷ ഗവൺമെന്റിന്റെ പ്രഖ്യാപിത ലക്ഷ്യം മുൻനിർത്തിയുള്ള പ്രവർത്തനങ്ങളാണ് ഉന്നത വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കിവരുന്നത്. പരീക്ഷ നടത്തിപ്പുമായി ബന്ധപ്പെട്ടുണ്ടായ ചില സാങ്കേതിക പ്രശ്നങ്ങളുടെ പേരിൽ സർവ്വകലാശാല പരീക്ഷകളെയാകെ അടച്ചാക്ഷേപിക്കുന്ന നടപടി അപലപനീയമാണ്. സംസ്ഥാന താല്പര്യങ്ങൾക്ക് വിരുദ്ധമായി ഉയർത്തിക്കൊണ്ടുവരുന്ന വിവാദങ്ങളിൽനിന്നും പ്രതിപക്ഷം പിന്മാറണം.

(ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ പ്രതിപക്ഷനേതാവിന്റെ സീറ്റിനടുത്ത് വന്നുനിന്ന് ബഹളം വയ്ക്കുകയും അല്പസമയത്തിനുശേഷം സ്വസ്ഥാനങ്ങളിലേയ്ക്ക് തിരികെ

പോകുകയും ചെയ്തു.) വിദേശ വിദ്യാർത്ഥികളെ കേരളത്തിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്ക് ആകർഷിക്കുന്ന വിധത്തിൽ ഉന്നത വിദ്യാഭ്യാസ രംഗം വികസിപ്പിക്കുകയെന്നതാണ് സർക്കാരിന്റെ ലക്ഷ്യം. കുറ്റമറ്റ പരീക്ഷാ സംവിധാനം, കരിക്കുലം പരിഷ്കരണം, വർദ്ധിച്ച പശ്ചാത്തല സൗകര്യം ഇവ ഉറപ്പാക്കി ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. കേരളത്തിലെ സർവ്വകലാശാലകളും കോളേജുകളും NAAC റാങ്കിംഗിൽ ഉയർന്ന ഗ്രേഡിംഗ് കരസ്ഥമാക്കിയിട്ടുണ്ട്. പ്രമേയാവതാരകന്റെ വാദങ്ങളെല്ലാം അപവാദ പ്രചരണമാണ്. പ്രസ്തുത വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. ഡി. സതീശൻ, പി. കെ. കുഞ്ഞാലിക്കുട്ടി, പി. ജെ. ജോസഫ്, അനൂപ് ജേക്കബ്, ശ്രീമതി കെ. കെ. രമ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II. ശ്രദ്ധക്ഷണിക്കൽ

### (1) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ശ്രീ. പി. എസ്. സുപാൽ: മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഒരു പഞ്ചായത്തിൽ ഒരേസമയം 20 പ്രവൃത്തികൾ മാത്രമേ പാടുള്ളൂവെന്നും പണിയായുധങ്ങൾക്കുള്ള ഷാർപ്പനിംഗ് ചാർജ്ജ് നിർത്തലാക്കണമെന്നുമുള്ള കേന്ദ്ര സർക്കാരിന്റെ പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ ഈ പദ്ധതിയെ ദോഷകരമായി ബാധിക്കും. മൊബൈൽ ആപ്പിലൂടെ ഹാജർ നില രേഖപ്പെടുത്തുന്നതിലുണ്ടാകുന്ന സാങ്കേതിക ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് ബദൽനയം ആവിഷ്കരിക്കാനും ഇ.എസ്.ഐ. പദ്ധതിയിൽ തൊഴിലുറപ്പ് തൊഴിലാളികളെക്കൂടി ഉൾപ്പെടുത്താനും പുതിയ വ്യവസ്ഥകൾ പിൻവലിപ്പിക്കുന്നതിനും കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തണം. 50 ദിവസം ജോലിക്ക് ഹാജരാകുന്നവർക്ക് ഫെസ്റ്റിവൽ അലവൻസ് ലഭ്യമാക്കാനും ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനമാരംഭിക്കാനും നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട കേന്ദ്ര സർക്കാരിന്റെ പുതിയ

മാർഗ്ഗനിർദ്ദേശപ്രകാരം ഒരു ഗ്രാമപഞ്ചായത്തിൽ ഒരേസമയം നിലവിലുള്ള 20 പ്രവൃത്തികൾക്കുപുറമെ അധികമായൊരു പ്രവൃത്തികൂടി ആരംഭിക്കണമെങ്കിൽ ആ ജില്ലയിലെ ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്ററുടെ അനുമതി തേടണമെന്നുള്ള പ്രസ്തുത നിർദ്ദേശം പുന:പരിശോധിക്കണമെന്നാവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് കത്തും നിവേദനവും നൽകിയിട്ടുണ്ട്. തൊഴിലാളികൾ കൊണ്ടുവരുന്ന പണിയായുധങ്ങൾക്ക് നൽകുന്ന വാടക പുനഃസ്ഥാപിക്കണമെന്ന് അഭ്യർത്ഥിക്കുന്നതാണ്. ഈ സാമ്പത്തിക വർഷം 10.32 കോടി തൊഴിൽ ദിനങ്ങൾക്കുള്ള പ്രൊപ്പോസൽ നൽകിയതിൽ 6 കോടി തൊഴിൽ ദിനങ്ങൾ മാത്രമാണ് അനുവദിച്ചിട്ടുള്ളത്; കൂടുതൽ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. തൊഴിലുറപ്പ് തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കുന്നതിനും അവരെ ഇ.എസ്.ഐ. പദ്ധതിയിലുൾപ്പെടുത്തുന്നതിനും കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നതാണ്. ഫെസ്റ്റിവൽ അലവൻസ് നൽകുന്ന അവസരത്തിൽ തൊഴിൽദിനങ്ങളുമായി ബന്ധപ്പെട്ട മാനദണ്ഡത്തിൽ ഇളവ് വരുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. തൊഴിലാളികളുടെ ഹാജർ രേഖപ്പെടുത്തുന്നതിനുള്ള മൊബൈൽ ആപ്പിന്റെ സാങ്കേതിക തകരാറുകൾ

പരിഹരിക്കുന്നതിന് കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചുവരികയാണ്. തൊഴിലിടങ്ങളിൽ മരണപ്പെടുന്നവരുടെയും അപകടത്തിൽപ്പെടുന്നവരുടെയും കുടുംബങ്ങൾക്ക് 75000/- രൂപ എക്സ്ഗ്രേഷ്യയായി നൽകുന്നുണ്ട്. തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(2) ഉച്ചഭക്ഷണത്തിന് നൽകുന്ന തുക പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. അൻവർ സാദത്ത്: സ്കൂൾ കുട്ടികളുടെ ഉച്ചഭക്ഷണ പദ്ധതിക്ക് നൽകിവരുന്ന തുക അപര്യാപ്തമാണ്. നിത്യോപയോഗ സാധനങ്ങളുടെയും പാചകവാതകത്തിന്റെയും വില വർദ്ധിച്ച സാഹചര്യത്തിൽ ഉച്ചഭക്ഷണ പദ്ധതിക്ക് അനുവദിച്ചിട്ടുള്ള തുക കാലോചിതമായി വർദ്ധിപ്പിക്കുന്നതിനും സ്കൂളുകളിൽ വിതരണം ചെയ്യുന്ന മുട്ടയ്ക്കും പാലിനും പ്രത്യേക ഫണ്ട് അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സ്കൂളുകളിൽ പോഷകസമൃദ്ധമായ ഉച്ചഭക്ഷണത്തിനുപുറമെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സന്നദ്ധ സംഘടനകളുടെയും എം.എൽ.എ.-മാരുടെയും നേതൃത്വത്തിൽ പ്രഭാത ഭക്ഷണവും നൽകിവരുന്നുണ്ട്. സ്കൂൾ കുട്ടികൾക്കുള്ള സപ്ലിമെന്ററി ന്യൂട്രീഷൻ പദ്ധതി പൂർണ്ണമായും സംസ്ഥാന

പദ്ധതിയാണെങ്കിലും ഇതിനുള്ള ചെലവ് ഉച്ചഭക്ഷണ പദ്ധതിതുകയിൽ നിന്നാണ് കണ്ടെത്തുന്നത്. പാചക വാതകത്തിന്റെയും ഭക്ഷ്യവസ്തുക്കളുടെയും വില വർദ്ധന കണക്കിലെടുത്ത് പാചകചെലവിനത്തിൽ അനുവദിച്ചിട്ടുള്ള തുക കാലോചിതമായി വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിച്ചുവരികയാണ്.

## III. സബ്മിഷൻ

### (1) ലിംഗനീതി സംരക്ഷണം

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സ്ത്രീകളും ട്രാൻസ്ജെൻഡറും ഉൾപ്പെടെയുള്ളവരെ സമൂഹത്തിന്റെ മുൻനിരയിലേയ്ക്ക് കൊണ്ടുവരുന്നതിനും അനാവശ്യ വിവാദങ്ങളുന്നയിച്ച് ജനങ്ങളിൽ ഭിന്നതയുണ്ടാക്കാനുള്ള ശ്രമത്തിനെതിരെ ഒരുമിച്ചുചേർന്ന് ലിംഗസമത്വം ഉറപ്പാക്കാനുമുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ട്രാൻസ്ജെൻഡർ നയം പ്രഖ്യാപിച്ച അതേ പ്രാധാന്യത്തോടുകൂടിത്തന്നെ അവരുടെ പ്രശ്നങ്ങളും പരിഗണിക്കുന്നതാണ്. തൊഴിലിടങ്ങളിൽ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സമൂഹത്തിൽ നിലനിൽക്കുന്ന ആൺകോയ്മ വ്യവസ്ഥ മാറ്റുന്നതിനും സമൂഹ പരിതസ്ഥിതിയിൽ പരിവർത്തനം വരണം.

ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഒരേതരത്തിലുള്ള യൂണിഫോം നിർബന്ധമാക്കാൻ ഉദ്ദേശിക്കുന്നില്ല; അതുസംബന്ധിച്ച് വിദ്യാലയതലത്തിൽ തീരുമാനമെടുക്കാവുന്നതാണ്. പുരോഗമന സ്വഭാവമുള്ള ഒരു വിജ്ഞാന സമൂഹ നിർമ്മിതിയെന്ന ലക്ഷ്യത്തിന് തടസ്സം വരുത്തുന്ന, സ്ത്രീകൾക്കുൾപ്പെടെ വസ്ത്രധാരണ രീതി നിർബന്ധമാക്കാനുള്ള വാദഗതികൾ സർക്കാർ അംഗീകരിക്കില്ല. ജാതി-മത-ലിംഗ ഭേദമെന്യേ അർഹിക്കുന്ന സ്വാതന്ത്ര്യത്തിന് സഹായകരമായ അന്തരീക്ഷം സൃഷ്ടിക്കാൻ സർക്കാരിന്റെ എല്ലാ പിന്തുണയുമുണ്ടാകും. തുല്യതാ ബോധത്തിന് കടകവിരുദ്ധമായ പ്രവണതകൾ നിരുത്സാഹപ്പെടുത്തേണ്ടതാണ്.

(2) ഫയർ സ്റ്റേഷൻ

ശ്രീ. കെ. പ്രേംകുമാർ: താലൂക്കാസ്ഥാനമായ ഒറ്റപ്പാലത്ത് ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

(മറുപടി മേശപ്പുറത്തുവച്ചു.)

(3) ന്യൂസ്പ്രിന്റിന്റെ വിലവർദ്ധന

ശ്രീ. യു. എ. ലത്തീഫ്: ന്യൂസ്പ്രിന്റിന്റെ വിലവർദ്ധന നിയന്ത്രിക്കാനാവശ്യമായ ഇടപെടൽ നടത്താനും അച്ചടി മാധ്യമങ്ങളെ സംരക്ഷിക്കാനുമാവശ്യമായ നടപടി സ്വീകരിക്കാനും തയ്യാറാകണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): കേന്ദ്ര സർക്കാരിൽനിന്ന് ഏറ്റെടുത്ത എച്ച്.എൻ.എൽ. കമ്പനി പുനരുദ്ധരിച്ച് ആരംഭിച്ച കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിക്കുന്നമുറയ്ക്ക് സംസ്ഥാനത്തിന് ആവശ്യമായ ന്യൂസ്പ്രിന്റ് ലഭ്യമാക്കാൻ സാധിക്കുന്നതാണ്.

(4) തഴവ കോളേജ് കെട്ടിടനിർമ്മാണം

ശ്രീ. സി. ആർ. മഹേഷ്: നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന തഴവ ഗവൺമെന്റ് കോളേജിനായി ഏറ്റെടുത്ത ഐ.എച്ച്.ആർ.ഡി.-യുടെ നിയന്ത്രണത്തിലുള്ള സ്ഥലവുമായി ബന്ധപ്പെട്ട സാങ്കേതിക തടസ്സങ്ങൾ പരിഹരിച്ച് കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനും പി.ജി. കോഴ്സുകൾ ഉൾപ്പെടെയുള്ള പുതിയ കോഴ്സുകൾ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): കരുനാഗപ്പള്ളി തഴവ സർക്കാർ കോളേജ് സ്ഥാപിക്കുന്നതിനായി ഐ.എച്ച്.ആർ.ഡി. വിട്ടുനൽകിയിട്ടുള്ള അഞ്ചേക്കർ ഭൂമിയിൽ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭ്യമാക്കുകയും പദ്ധതിയുടെ എസ്.പി.വി. ആയ കിറ്റ്കോ പ്ലാനും

എസ്റ്റിമേറ്റും തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിന് തദ്ദേശസ്വയംഭരണം, ഫയർ ഫോഴ്സ് എന്നീ വകുപ്പുകളുടെ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകുകയാണ്. പൊതുമരാമത്ത് വകുപ്പിന്റെ സഹായത്തോടെ കോളേജിൽ പ്രീ-ഫാബ്രിക്കേറ്റഡ് നിർമ്മിതികളുപയോഗപ്പെടുത്തി ക്ലാസ്മുറികൾ സജ്ജീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്. പ്രൊപ്പോസൽ പ്രകാരമുള്ള ക്ലാസ്മുറികളുടെ നിർമ്മാണം രണ്ട് മാസംകൊണ്ട് പൂർത്തിയാക്കാൻ സാധിക്കുന്നതാണ്.

(5) പരവൂർ ഒല്ലാൽ റെയിൽവെ മേൽപ്പാലം നിർമ്മാണം

ശ്രീ. ജി. എസ്. ജയലാൽ: റെയിൽവെയുടെ വർക്ക് പ്ലാനിൽ ഉൾപ്പെടുത്തി പരവൂർ ഒല്ലാൽ റെയിൽവെ മേൽപ്പാലത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും പ്രവൃത്തി ത്വരിതപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): പരവൂർ ഒല്ലാൽ റെയിൽവെ മേൽപ്പാലം നിർമ്മാണം വർക്ക് പ്ലാനിൽ ഉൾപ്പെടുത്തണമെന്ന് റെയിൽവെയോട് ആവശ്യപ്പെട്ടിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി, എം.ഡി.,

ആർ.ബി.ഡി.സി.കെ. എന്നിവർക്ക് പ്രത്യേക ചുമതല നൽകി മേൽപ്പാലത്തിന്റെ നിർമ്മാണപ്രവൃത്തികൾ ത്വരിതപ്പെടുത്തുന്നതാണ്.

(6) പേരാവൂർ പൊതുമരാമത്ത് റോഡുകളുടെ നവീകരണം

ശ്രീ. സണ്ണി ജോസഫ്: ഇരിട്ടി താലൂക്കാസ്ഥാനത്തേയ്ക്കുള്ള പൊതുമരാമത്ത് റോഡുകൾ മുൻഗണനാക്രമത്തിലും പണലഭ്യതയ്ക്കനുസരിച്ച് മറ്റ് റോഡുകളും നവീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): പേരാവൂർ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ ഒരു വർഷത്തിനിടെ 20 കോടി 50 ലക്ഷം രൂപയുടെ റോഡ് നവീകരണ പ്രവൃത്തികൾ പൂർത്തിയാക്കുകയും 9 കോടി രൂപയുടെ നവീകരണപ്രവൃത്തികൾ നടന്നുവരികയുമാണ്. ഈ സാമ്പത്തികവർഷം ബഡ്ജറ്റിൽ ഉൾപ്പെട്ടിരുന്ന 3 കോടി രൂപയുടെ റോഡ് നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഹിൽ ഹൈവേയിൽ ഉൾപ്പെട്ട വള്ളിത്തോട്, അമ്പായത്തോട്, ബോയ്സ് ടൗൺ എന്നീ റോഡുകൾ ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. റണ്ണിംഗ് കോൺട്രാക്ടിൽ ഉൾപ്പെടുത്തി റോഡുകൾ നവീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. റോഡ് പരിപാലനത്തിന് സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(7) ശക്തികുളങ്ങര ഹാർബറിന്റെ പ്രവേശന കവാട നിർമ്മാണം

ഡോ. സുജിത് വിജയൻപിള്ള: ശക്തികുളങ്ങര ഹാർബറിന്റെ പ്രവേശനകവാട നിർമ്മാണമുൾപ്പെടെയുള്ള പദ്ധതികൾ യാഥാർത്ഥ്യമാക്കുന്നതിനും ചവറ പാലത്തിന് അണ്ടർപാസ്സ് നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): ശക്തികുളങ്ങര ഹാർബറിന്റെ പ്രവേശനകവാട നിർമ്മാണവുമായി ബന്ധപ്പെട്ട് സൈറ്റ് ഇൻസ്പെക്ഷൻ നടത്തുകയും പ്രവേശനകവാടത്തിന്റെയും ഹാർബറിലേയ്ക്കുള്ള റോഡിന്റെയും നിർമ്മാണത്തിന് സ്ഥലമേറ്റെടുക്കുന്ന നടപടിയുമായി മുന്നോട്ടുപോകാവുന്നതാണെന്ന് ദേശീയപാത അതോറിറ്റി ഓഫ് ഇന്ത്യ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(8) അടിമാലി താലൂക്കാശുപത്രിയുടെ പ്രവർത്തനം

ശ്രീ. എ. രാജ: അടിമാലി താലൂക്കാശുപത്രിയിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിനും അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): അടിമാലി താലൂക്കാശുപത്രിയിൽ ഫലപ്രദമായ ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും എൻ.എച്ച്.എം., എച്ച്.എം.സി. എന്നിവ മുഖാന്തരം ഡോക്ടർമാരെയും അനുബന്ധ ജീവനക്കാരെയും നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഫയർ ആന്റ് സേഫ്റ്റിയുടെ അനുമതി ലഭ്യമായാലുടൻ ഡയാലിസിസ്, ബ്ലഡ് ബാങ്ക് യൂണിറ്റുകളുടെ പ്രവർത്തനമാരംഭിക്കുന്നതാണ്. സി.സി. യൂണിറ്റിനാവശ്യമായ കെട്ടിട നിർമ്മാണം പൂർത്തിയാകുന്നമുറയ്ക്ക് കിഫ്ബി ധനസഹായത്തോടെയുള്ള ഒ.പി./ഡയഗ്നോസ്റ്റിക് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള പ്രവൃത്തികളാരംഭിക്കുന്നതാണ്. ഒഴിവുള്ള തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. മലയോര പിന്നാക്ക ജില്ലകളിൽ ആരോഗ്യമേഖലയിൽ പ്രത്യേക ശ്രദ്ധ നൽകുന്നതിനായി തയ്യാറാക്കിയ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. ഡോക്ടർമാരുൾപ്പെടെയുള്ള ജീവനക്കാരുടെ അധിക തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## (9) ഡോക്ടർമാരുടെ സേവനം

ഡോ. മാത്യു കുഴൽനാടൻ: മൂവാറ്റുപുഴ സർക്കാർ ആശുപത്രിയിലെ സൂപ്രണ്ടിനെ സ്ഥലം മാറ്റിയ നടപടി സംബന്ധിച്ച് പരിശോധിക്കാനും ആരോഗ്യവകുപ്പിലെ ഡോക്ടർമാരുടെ സ്ഥലംമാറ്റത്തിലെയും പ്രീനൈറ്റ് ഓഫ് അനുവദിക്കുന്നതിലെയും മാനദണ്ഡം പാലിക്കാനും തയ്യാറാകണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): മൂവാറ്റുപുഴ സർക്കാർ ആശുപത്രി സൂപ്രണ്ടിനെ അട്ടപ്പാടി കോട്ടത്തറ ആശുപത്രിയിലേയ്ക്ക് സ്ഥലം മാറ്റുകയും പകരം സൂപ്രണ്ടിനെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ ഉത്തരവിലെ മാനദണ്ഡങ്ങൾക്കനുസൃതമായാണ് ആരോഗ്യവകുപ്പിൽ പൊതുസ്ഥലംമാറ്റം നടത്തുന്നത്. നൈറ്റ് ഡ്യൂട്ടിക്ക് രണ്ടുദിവസം കോമ്പൻസേറ്ററി ഓഫുകൾ അനുവദിക്കുന്നതിന് വ്യവസ്ഥയില്ലാത്തതിനാൽ ഡ്യൂട്ടിയിൽ വീഴ്ചവരുത്തുന്നപക്ഷം അടച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്. എല്ലാ ആശുപത്രികൾക്കും NQAS അക്രെഡിറ്റേഷൻ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(10) <u>കേരള കായികക്ഷമത മിഷൻ</u>

<u>ശ്രീ. എ. എൻ. ഷംസീർ</u>: കേരള കായികക്ഷമത മിഷൻ എത്രയുംവേഗം രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (<u>ശ്രീ. വി. അബ്ദുറഹിമാൻ</u>): ഭരണാനുമതി ലഭ്യമായിട്ടുള്ള കേരള കായികക്ഷമത മിഷനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കാത്തതിനാൽ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനോട് വിശദീകരണം ആവശ്യപ്പെടുന്നതിനും മിഷന്റെ പ്രവർത്തനം ഊർജ്ജിതമായി നടപ്പിലാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് കായിക സംസ്കാരം വളർത്തിയെടുക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പഞ്ചായത്ത് സ്പോർട്സ് കൗൺസിലുകളുടെ രൂപീകരണവും വിദ്യാലയങ്ങൾ കേന്ദ്രീകരിച്ചുള്ള കായിക പരിശീലന പദ്ധതിയും യാഥാർത്ഥ്യമാക്കുന്നതാണ്.

## IV. റിപ്പോർട്ടുകളുടെ സമർപ്പണം

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചു.

1. 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെ റിപ്പോർട്ട്.

2. 2022-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ റിപ്പോർട്ട്.

3. 2022-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ റിപ്പോർട്ട്.

4. 2022-ലെ കേരള ലോക്ആയുക്ത (ഭേദഗതി) ബിൽ, 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ റിപ്പോർട്ടുകൾ.

## V. **നിയമനിർമ്മാണകാര്യം**

### (1) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

### (i) 2022-ലെ കേരള തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് ബിൽ

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): 2022-ലെ കേരള തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

## VI. ക്രമപ്രശ്നം

### (1) ബിൽ ഭരണഘടനാ വിരുദ്ധം

ശ്രീ. യു. എ. ലത്തീഫ്: ഓർഡിനൻസിന് പകരമുള്ള ബിൽ 2022 ജൂണിൽ ആരംഭിച്ച സഭാസമ്മേളനത്തിൽ അവതരിപ്പിക്കാതിരുന്നതിനുള്ള കാരണവും ബില്ലിന് പ്രസിഡന്റിന്റെ മുൻകൂർ അനുമതി വാങ്ങിയിട്ടുണ്ടോയെന്ന കാര്യവും ബില്ലിൽ പരാമർശിച്ചിട്ടില്ല. പഞ്ചായത്ത് മുനിസിപ്പൽ സർവ്വീസുകൾക്ക് പൊതുസർവ്വീസ് ഏർപ്പെടുത്തുന്നത് ഭരണഘടനാ വിരുദ്ധമാണ്. അതുകൊണ്ട് ബില്ലിന് അവതരണാനുമതി നൽകരുത്.

### (2) ബില്ലിന്റെ പകർപ്പ് യഥാസമയം ലഭ്യമാകാത്തത് സംബന്ധിച്ച്

ഡോ. മാത്യു കുഴൽനാടൻ: സഭാ ചട്ടങ്ങൾക്ക് വിരുദ്ധമായി ബില്ലിന്റെ പകർപ്പ് ഇന്നലെയും അതിന്റെ ഇംഗ്ലീഷ് പരിഭാഷ ഇന്ന് രാവിലെയുമാണ് അംഗങ്ങൾക്ക് ലഭിച്ചത്. ആയതിനാൽ സജീവമായി ചർച്ചയിൽ പങ്കെടുക്കാൻ സാധിക്കില്ല.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): ബഹുമാനപ്പെട്ട ഗവർണർ ഒപ്പിട്ട് തിരികെ നൽകാൻ വൈകിയതിനാലാണ് ബില്ലിന്റെ കോപ്പി അംഗങ്ങൾക്ക്

ലഭ്യമാക്കുന്നതിൽ കാലതാമസം നേരിട്ടത്. 2022 ജൂണിൽ ആരംഭിച്ച നിയമസഭാ സമ്മേളനം ബഡ്ജറ്റ് സമ്മേളനമായിരുന്നതിനാലും അടിയന്തരപ്രാധാന്യമുള്ള നിയമനിർമ്മാണങ്ങൾ മാത്രം പരിഗണനയ്ക്കെടുത്തതിനാലും 2022-ലെ കേരള തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് ഓർഡിനൻസിന് പകരമുള്ള ബിൽ അവതരിപ്പിക്കുന്നതിനോ പാസാക്കുന്നതിനോ സാധിച്ചില്ല. സർവ്വീസുകൾ ഏകീകരിക്കാനാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. പ്രസിഡന്റിന്റെ പ്രത്യേക അനുമതി വാങ്ങേണ്ട കാര്യമില്ല. ഭരണഘടനാവിരുദ്ധമായ യാതൊരു കാര്യവും ബില്ലിലില്ല.

**റൂളിംഗ്**

<u>മി. സ്പീക്കർ</u>: നിയമസഭാ നടപടിചട്ടത്തിനോ നടപടിക്രമത്തിനോ കീഴ്‌വഴക്കത്തിനോ വിരുദ്ധമായ എന്തെങ്കിലും കാര്യങ്ങൾ ബില്ലിന്റെ ഉള്ളടക്കത്തിലോ അവതരണത്തിലോ ഉണ്ടായിട്ടില്ലെന്ന് വ്യക്തമായിട്ടുള്ളതിനാൽ ശ്രീ. യു. എ. ലത്തീഫ് ഉന്നയിച്ച തടസ്സവാദത്തിന് അടിസ്ഥാനമില്ല. തികച്ചും വസ്തുതാപരമായ കാര്യമാണ് ഡോ. മാത്യു കുഴൽനാടൻ ഉന്നയിച്ചത്. ലഭ്യമായ സമയപരിധിക്കുള്ളിൽ നിന്നുകൊണ്ട് എല്ലാ ബില്ലുകളുടെയും പ്രസിദ്ധീകരണവും വിതരണവും യഥാസമയം

നിർവ്വഹിക്കുവാൻ ബന്ധപ്പെട്ട ഭരണ-നിയമ വകുപ്പുകൾ ശ്രമിക്കുകയും അതിൽ ഒരു പരിധിവരെ വിജയിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 2022-ലെ കേരള തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് ബില്ലിന്റെയും ഇംഗ്ലീഷ് പരിഭാഷയുടെയും കാര്യത്തിൽ യഥാസമയം നടപടികൾ പൂർത്തീകരിച്ച് നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിക്കുവാൻ കാലതാമസം ഉണ്ടായതിന്റെ ഫലമായാണ് അംഗങ്ങൾക്ക് ലഭ്യമാക്കുന്നതിലും കാലതാമസം നേരിട്ടത്. മനപ്പൂർവ്വമല്ലെങ്കിലും നിയമസഭാ സമ്മേളനവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഇത്തരത്തിലുള്ള കാലതാമസം ഒഴിവാക്കാൻ പ്രത്യേകം ശ്രദ്ധപതിപ്പിക്കണമെന്ന് ബന്ധപ്പെട്ടവരെ ചെയർ ഓർമ്മപ്പെടുത്തുന്നു. തടസ്സവാദങ്ങൾ നിലനിൽക്കുന്നതല്ല.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): 2022-ലെ കേരള തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സംസ്ഥാനത്തെ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, ടൗൺ പ്ലാനിംഗ്, ഗ്രാമവികസനം, എഞ്ചിനീയറിംഗ് വിഭാഗം സർവ്വീസുകളെ ഏകീകരിച്ചുകൊണ്ട് ഒരു തദ്ദേശസ്വയംഭരണ പൊതു സർവ്വീസ് രൂപീകരിക്കുന്നതിനുള്ള ബില്ലാണിത്. പരസ്പര ബന്ധമില്ലാത്ത അഞ്ച് വകുപ്പുകളായി പ്രവർത്തിക്കുന്ന സാങ്കേതിക ഭരണവിഭാഗം ജീവനക്കാരെ ഏകോപിത സംവിധാനത്തിന് കീഴിൽ കൊണ്ടുവരിക യെന്നതാണ് ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ രൂപീകരണത്തിലൂടെ സർക്കാർ ഉദ്ദേശിക്കുന്നത്. ഏകീകൃത വകുപ്പിന്റെ ചട്ടങ്ങൾ സബ്ജക്ട് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. അഞ്ചോളം സർവ്വീസുകളെ സംയോജിപ്പിച്ച് ഏകീകൃത സർവ്വീസ് രൂപീകരിക്കുന്ന സാഹചര്യത്തിൽ ഓരോ നിയമത്തിലും പ്രത്യേകം ഭേദഗതി വരുത്തുന്നതിന് പകരമാണ് തദ്ദേശസ്വയംഭരണ പൊതു സർവ്വീസ് രൂപീകരണത്തിന് ഒരു പ്രത്യേക ബിൽ അംഗീകാരത്തിനായി സമർപ്പിക്കുന്നത്. സാങ്കേതിക മേഖലയുടെ വളർച്ചയെ പൂർണ്ണതോതിൽ ഉപയോഗിക്കാൻ ലക്ഷ്യമിടുന്നുണ്ട്. അർഹമായ മുഴുവൻ ആളുകൾക്കും വീട് ലഭ്യമാക്കുന്നതിനുള്ള ലൈഫ് മിഷൻ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നുണ്ട്. ശുചിത്വപൂർണ്ണമായ കേരളമെന്ന ലക്ഷ്യം നേടുന്നതിനുള്ള പ്രവർത്തനവും സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതുണ്ട്. കേരളത്തിലെ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കിടയിൽ ഫലപ്രദമായ ഏകോപനം സാധ്യമാക്കുന്നതിന് തദ്ദേശസ്വയംഭരണ പൊതു സർവ്വീസിന്റെ രൂപീകരണം സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്നു.

ശ്രീ. എം. രാജഗോപാലൻ: 2022-ലെ കേരള തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 26-08-2022 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. വികേന്ദ്രീകൃത ആസൂത്രണ പ്രക്രിയയിൽ ഉജ്ജ്വലമായ മാതൃക സൃഷ്ടിച്ച സംസ്ഥാനമാണ് കേരളം. ഭരണ-പദ്ധതി നിർവ്വഹണങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരമുണ്ടാക്കാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം ഫലപ്രദവും കാര്യക്ഷമവുമാക്കാനും ബില്ലിലൂടെ സാധിക്കും. ഭരണച്ചെലവ് കുറയ്ക്കുന്നതിനും അഞ്ച് വകുപ്പുകളുടെ പരിധിയിൽ വരുന്ന ജീവനക്കാരെ ഒരു വകുപ്പിനുകീഴിൽ കൊണ്ടുവരുന്നതിനും ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഈ പൊതു സർവ്വീസിലൂടെ കഴിയും. ഉദ്യോഗസ്ഥരുടെ അനുഭവസമ്പത്ത് പങ്കുവയ്ക്കുന്നതിലൂടെ പദ്ധതികളുടെ ഗുണനിലവാരം മെച്ചപ്പെടുത്താൻ കഴിയും. മോണിറ്ററിംഗിന്റെ അഭാവം കാരണം സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കാൻ സാധിക്കാത്തത് ഈ നിയമത്തിലൂടെ

പരിഹരിക്കാനാകും. പ്രാദേശിക സർക്കാരുകളെ മികവിന്റെ കേന്ദ്രങ്ങളായി മാറ്റുന്നതിന്റെ ചുവടുവയ്പ്പാണ് ഈ ബിൽ. ബിൽ പാസ്സാകുന്നതോടുകൂടി സംയോജിത സാദ്ധ്യതകളുള്ള മെഗാ പ്രോജക്ടുകൾ കണ്ടെത്താനും മാലിന്യ സംസ്കരണം പരിഹരിക്കാനുമാകും. ആരോഗ്യ വിഭാഗം ജീവനക്കാരെ പബ്ലിക് ഹെൽത്ത് ആന്റ് എൻവയോൺമെന്റ് മാനേജ്മെന്റ് വിഭാഗമെന്ന് പുനർനാമകരണം ചെയ്യുന്നതിലൂടെ പൊതുജനാരോഗ്യത്തിനും പരിസ്ഥിതി സംരക്ഷണത്തിനും വൈദഗ്ദ്ധ്യം ലഭിച്ച ഉദ്യോഗസ്ഥ സംവിധാനത്തെ ലഭിക്കുന്നതാണ്. ഫയലുകൾ തീർപ്പാക്കുന്ന കാര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാതൃകാപരമായ പ്രവർത്തനമാണ് കാഴ്ചവച്ചത്.

ശ്രീ. യു. എ. ലത്തീഫ്: 2022-ലെ കേരള തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഈ ബിൽ ഭരണഘടനാവിരുദ്ധമാണ്. ജീവനക്കാരുടെ സർവ്വീസ് ഏകീകരണം ഇതുവരെ നടന്നിട്ടില്ല. ഫയലുകളിന്മേൽ സമയബന്ധിതമായി തീരുമാനമുണ്ടാകുന്നില്ല. വികസന സെമിനാർ കഴിഞ്ഞതിനുശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിവിഹിതം വെട്ടിക്കുറച്ചുകൊണ്ട് ഉത്തരവിറക്കുന്നത് പ്രതിഷേധാർഹമാണ്.

ശ്രീ. കെ. ഡി. പ്രസേനൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. വി. കെ. പ്രശാന്ത്: ഭേദഗതിയെ പിന്താങ്ങുന്നു. തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരിക്കുന്നതിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സേവനം മെച്ചപ്പെടുത്താനും കാര്യക്ഷമത വർദ്ധിപ്പിക്കാനും സാധിക്കും. തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരണത്തിലൂടെ കേന്ദ്ര-സംസ്ഥാന പദ്ധതികളുടെ ഏകോപനം ഉറപ്പുവരുത്താൻ സാധിക്കും. നിലവിലുള്ള ജീവനക്കാരുടെ താൽപ്പര്യങ്ങൾ ഹനിക്കാതെയാണ് പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നിലവിലെ സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കുന്നതിനും ഭരണനിർവ്വഹണത്തിലെ വ്യത്യാസം മനസ്സിലാക്കി ഓരോ തലത്തിലും ഉദ്യോഗസ്ഥരെ കൃത്യമായി വിന്യസിക്കുന്നതിനും പൊതുസർവ്വിസ് രൂപീകരണത്തിലൂടെ കഴിയണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ അപര്യാപ്തത പരിഹരിക്കുന്നതിനും നഗരസഭകളിൽ ഇലക്ട്രിക്കൽ-മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിഭാഗം രൂപീകരിക്കുന്നതിനും മാലിന്യനിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് എൻവയോൺമെന്റൽ എഞ്ചിനീയറുൾപ്പെടെയുള്ള തസ്തികകൾ സൃഷ്ടിക്കുന്നതിനും വികസനപദ്ധതികൾ നടപ്പാക്കുന്നതിന് അർബൻ എക്സ്പെർട്ടുകളെ

നിയോഗിക്കുന്നതിനും ലീഗൽ വിഭാഗത്തിലേയ്ക്ക് ആവശ്യമായ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കണം. കേന്ദ്ര-സംസ്ഥാന പദ്ധതികൾ കൈകാര്യം ചെയ്യുന്ന നഗരസഭകളിൽ ഫിനാൻസ് ഓഫീസർ, പബ്ലിക് റിലേഷൻസ് ഓഫീസർ തസ്തികകൾ സൃഷ്ടിക്കണം. സ്പെഷ്യൽ റൂൾസ് രൂപീകരിച്ചുകൊണ്ട് ശുചീകരണ വിഭാഗം തൊഴിലാളികളെ പൊതുസർവ്വീസിന്റെ ഭാഗമാക്കാനും നിർത്തലാക്കപ്പെട്ട വികസന അതോറിറ്റിയിലെ ജീവനക്കാരെ പുനർവിന്യസിക്കാനും തയ്യാറാകണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിട്ടുനൽകിയ കൃഷിഭവനുകളുൾപ്പടെയുള്ള സ്ഥാപനങ്ങളിലെ ഓഫീസർമാരുടെ നിയന്ത്രണം പൊതുസർവ്വീസിന്റെ കീഴിലാക്കണം. നികുതി പിരിവിൽ കൃത്യമായ ഇടപെടൽ നടത്തണം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: ഭേദഗതിയെ പിന്താങ്ങുന്നു. സർവ്വീസ് സംയോജനവുമായി ബന്ധപ്പെട്ട് നിലവിലുള്ള കേസുകൾ ഗുണകരമായി പരിഹരിക്കണം. സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിന് ലോക്കൽ ഗവൺമെന്റ് കമ്മീഷനെ ചുമതലപ്പെടുത്തിയ നടപടി ചട്ടപ്രകാരമാണോയെന്ന് വ്യക്തമാക്കണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന തുക പൂർണ്ണമായും വിനിയോഗിക്കാൻ സാധിക്കണം. ലൈഫ് മിഷൻ പദ്ധതി

ആസൂത്രണവേളയിൽത്തന്നെ ആവശ്യത്തിനുള്ള ഫണ്ട് ബഡ്ജറ്റ് അലോക്കേഷൻവഴി അനുവദിക്കാനുള്ള നടപടി സ്വീകരിക്കണം. ഗ്രാമ-ജില്ലാ പഞ്ചായത്തുകൾക്ക് സ്വതന്ത്രമായി പ്രവർത്തിക്കാനുള്ള അവസരമൊരുക്കണം. പഞ്ചായത്ത് ജീവനക്കാർക്ക് സമയബന്ധിതമായി ശമ്പളം നൽകാനുള്ള നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): ഭരണഘടനയ്ക്ക് വിധേയമായ വളരെ പ്രാധാന്യമുള്ള ഒരു ബില്ലാണ് 2022-ലെ കേരള തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് ബിൽ. പഞ്ചായത്തുകളെയും നഗരസഭകളെയും സഹായിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമുള്ള സർക്കാർ സംവിധാനമാണ് തദ്ദേശസ്വയംഭരണ വകുപ്പ്. ഈ ബിൽ പാസ്സാകുന്നതോടുകൂടി എല്ലാ മേഖലകളെയും സംയോജിപ്പിച്ച് കേരളത്തിന്റെ വികസനപ്രക്രിയയിലും സേവന മേഖലയിലും കാര്യങ്ങൾ ഫലപ്രദമായി നിർവ്വഹിക്കാൻ കഴിയും. 20 ലക്ഷത്തോളം വരുന്ന അഭ്യസ്തവിദ്യരായ യുവതീ-യുവാക്കൾക്ക് തൊഴിൽ കണ്ടെത്താനുള്ള പ്രധാനപ്പെട്ട പ്രവർത്തനം കെ-ഡിസ്കിന്റെയും കേരള നോളജ് ഇക്കോണമിയുടെയും ഭാഗമായി നടന്നുവരികയാണ്. പ്രാദേശിക ഗവൺമെന്റുകളുടെ ഏകോപന

പ്രവർത്തനങ്ങളുടെ ഭാഗമായി വരുന്ന നാലുവർഷംകൊണ്ട് കേരളത്തെ അതിദരിദ്രരില്ലാത്ത ഒരു സംസ്ഥാനമാക്കി മാറ്റാനാണ് ശ്രമിക്കുന്നത്. നിരാലംബരും അശരണരുമായവർക്ക് വാതിൽപ്പടി സേവന സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിച്ചുവരികയാണ്. ഗവൺമെന്റ് ഗ്രാന്റുപയോഗിച്ച് വികസന പ്രവർത്തനങ്ങൾ നടത്തുന്ന പതിവ് രീതിയിൽനിന്ന് മാറി സേവനത്തിനൊപ്പം സ്വന്തമായി വികസന പ്രവർത്തനങ്ങൾകൂടി നടപ്പിലാക്കാൻ കഴിയുംവിധം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കുന്ന പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്. ചർച്ചകളുടെയും പഠനങ്ങളുടെയും അടിസ്ഥാനത്തിലാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏകീകരിക്കാനുള്ള തീരുമാനമെടുത്തത്. ഐ.എൽ.ജി.എം.എസ്. സംവിധാനം നടപ്പിലാക്കിയതിലൂടെയും തട്ടുകളുടെ എണ്ണം കുറച്ചതിലൂടെയും ജീവനക്കാരുടെ ജോലിഭാരം കുറയ്ക്കാനും കെട്ടിക്കിടന്ന ഫയലുകൾ വേഗത്തിൽ തീർപ്പാക്കാനും സാധിച്ചിട്ടുണ്ട്. ഒരേ സീറ്റിൽ മൂന്ന് വർഷം പൂർത്തിയാക്കിയവരെ സ്ഥലംമാറ്റാനും ഒഴിവുള്ള പഞ്ചായത്ത്/മുനിസിപ്പൽ സെക്രട്ടറി തസ്തികകൾ എത്രയുംവേഗം നികത്താനും നടപടി സ്വീകരിക്കുന്നതാണ്. സർവ്വീസ് സംഘടനകളെ വിശ്വാസത്തിലെടുത്തും നിലവിലുള്ള ജീവനക്കാരുടെ അവകാശങ്ങളും

പ്രൊമോഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളും നഷ്ടപ്പെടാതെയുമാണ് പൊതുസർവ്വീസ് രൂപീകരിക്കുന്നത്. ഈ സാമ്പത്തിക വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതമായി 26.5%-വും മെയിന്റനൻസ് ഗ്രാന്റായി 6.5%-വും അനുവദിച്ചിട്ടുണ്ട്. എസ്.സി./എസ്.റ്റി. വിഭാഗങ്ങൾക്കുവേണ്ടി നീക്കിവച്ച തുകയിൽ 100%-വും ചെലവഴിച്ച ധാരാളം പഞ്ചായത്തുകളുണ്ട്. തെരുവുനായശല്യം കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ മുഴുവൻ ഒരു കുടക്കീഴിലാക്കി വികസന പ്രവർത്തനങ്ങളും ഭരണസംവിധാനങ്ങളും കാര്യക്ഷമതയോടെ മുന്നോട്ടുകൊണ്ടുപോകുകയെന്ന ഉദ്ദേശ്യത്തോടെ കൊണ്ടുവന്ന ഈ ബിൽ വിഷയനിർണ്ണയ സമിതിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2022-ലെ കേരള തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ വിഷയ നിർണ്ണയ സമിതിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ വിഷയനിർണ്ണയ സമിതിയുടെ പരിഗണനയ്ക്കയച്ചു.

## (ii) 2022-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): 2022-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു.

മി. ചെയർമാൻ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. പി. രാജീവ്: 2022-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ വ്യവസായവും ധാതുക്കളും സംബന്ധിച്ച IV-ാം നമ്പർ വിഷയ നിർണ്ണയ സമിതിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. പി. രാജീവ്: സംസ്ഥാനത്തെ വ്യവസായ അന്തരീക്ഷം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് സഹായകരമായ ബില്ലാണിത്. ഓർഡിനൻസ് ലാപ്സായ സാഹചര്യത്തിൽ ഓർഡിനൻസിലുണ്ടായിരുന്ന വ്യവസ്ഥകൾ

ഉൾപ്പെടുത്തിയാണ് ബിൽ കൊണ്ടുവന്നിട്ടുള്ളത്. വ്യവസായം ആരംഭിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും വിപുലീകരിക്കുന്നതിനും വൈവിധ്യവത്കരിക്കുന്നതിനും ആധുനികവത്കരിക്കുന്നതിനുമായി വിവിധ സംസ്ഥാന നിയമങ്ങൾക്കുകീഴിൽ ആവശ്യമായ ലൈസൻസുകൾ, ക്ലിയറൻസ്, പെർമിറ്റ്, അനുമതി എന്നിവ ലഭിക്കുന്നതിനും അവയുടെ പുതുക്കലിനും അതുമായി ബന്ധപ്പെട്ട എല്ലാ സേവനങ്ങളും സ്റ്റാറ്റ്യൂട്ടറി ഗ്രീവൻസ് റിഡ്രസ് മെക്കാനിസത്തിന് കീഴിൽ വരികയാണ്. എല്ലാ വകുപ്പുകളുടെയും പ്രാതിനിധ്യം ഉൾക്കൊള്ളുന്ന പരാതി പരിഹാര സംവിധാനം കൈക്കൊള്ളുന്ന തീരുമാനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ ഉദ്യോഗസ്ഥർ നടപ്പാക്കേണ്ടതും അല്ലാത്തപക്ഷം ഫൈൻ ഈടാക്കാനുള്ള വ്യവസ്ഥയും ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട പരാതികൾ സമയബന്ധിതമായി തീർപ്പാക്കാനും വ്യവസായ അന്തരീക്ഷം കൂടുതൽ സൗഹാർദ്ദപരമാക്കാനും കഴിയും.

ശ്രീ. എ. സി. മൊയ്തീൻ ചുമതലപ്പെടുത്തിയതുപ്രകാരം

ശ്രീ. പി. നന്ദകുമാർ: 2022-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ

പൊതുജനാഭിപ്രായം ആരായുന്നതിനായി 26-08-2022 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കേരളത്തിലെ വ്യവസായ മേഖലയുടെ വളർച്ചയ്ക്ക് സഹായകരമാകുന്ന വ്യവസ്ഥകളാണ് ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കഴിഞ്ഞ ആറുവർഷക്കാലമായി വ്യവസായരംഗത്തുണ്ടായ പുരോഗതി എടുത്തുപറയത്തക്കതാണ്. എം.എസ്.എം.ഇ. ഉൾപ്പെടെയുള്ള സംരംഭങ്ങൾക്ക് ജില്ലാ/സംസ്ഥാന പരിഹാര സംവിധാനം, പരാതികൾ പരിശോധിക്കാൻ സെൻട്രലൈസ്ഡ് ഇൻസ്പെക്ഷൻ സിസ്റ്റം, വ്യവസായ സ്ഥാപനങ്ങൾ പൂട്ടിപ്പോകുന്ന അവസ്ഥ ഇല്ലാതാക്കാൻ ടെക്നോളജി ക്ലിനിക്കുകൾ തുടങ്ങിയവ കൂടുതൽ ഫലപ്രദമായി നടപ്പിലാക്കിയാൽ പല ചെറുകിട വ്യവസായങ്ങളെയും സംരക്ഷിക്കാൻ കഴിയും. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിലൂടെ രാജ്യത്തെ പ്രധാന നിക്ഷേപ കേന്ദ്രങ്ങളിലൊന്നായി കേരളത്തെ മാറ്റാൻ സാധിച്ചിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങൾ സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ സമയബന്ധിതമായി ചർച്ച ചെയ്ത് പരിഹരിക്കണം. റബ്ബർ അധിഷ്ഠിതമായിട്ടുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉത്പാദിപ്പിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതും ഐ.ടി. വ്യവസായത്തിൽ കേരളം മാതൃകാ സംസ്ഥാനമായി മാറുന്നതും മെയ്ഡ് ഇൻ കേരള ഉത്പന്നങ്ങളുടെ

സൂപ്പർ മാർക്കറ്റ് ആരംഭിക്കുന്നതും പുതിയ കിൻഫ്ര പാർക്കുകൾ ആരംഭിക്കാൻ സാധിച്ചതും സുസ്ഥിര വികസന സൂചികയിൽ നേട്ടം കൈവരിക്കാൻ കഴിഞ്ഞതും അഭിമാനകരമാണ്. പശ്ചാത്തല സൗകര്യ വികസനത്തിലൂടെ പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികളാണ് ടി നിയമം മുഖേന കൊണ്ടുവരുന്നത്. പെട്രോ കെമിക്കൽ മേഖലയിലെ സാധ്യത പൂർണ്ണമായും ഉപയോഗപ്പെടുത്താനും ഗെയിൽ പൈപ്പ് ലൈൻ എല്ലാ മേഖലയിലും പൂർണ്ണമായി ഉപയോഗിക്കുന്നതിനുള്ള ഇടപെടൽ നടത്താനും ടെക്സ്റ്റൈൽ മേഖലയിലെ സാധ്യതകൾ പ്രയോജനപ്പെടുത്തത്തക്കവിധം കേരളാ ബ്രാൻഡ് ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കാനാവശ്യമായ സംവിധാനം ഒരുക്കുന്നതിനും നടപടി സ്വീകരിക്കണം. നൈപുണ്യ വികസനത്തിനും തൊഴിലധിഷ്ഠിത വിദ്യാഭ്യാസം സാർവ്വത്രികമാക്കുന്നതിനും ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും മുൻകയ്യെടുക്കണം.

ശ്രീ. പി. എസ്. സുപാൽ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. വി. ശശി: 2022-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

കേരളത്തെ നിക്ഷേപ സൗഹൃദമാക്കി സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ മേഖലകളിലേയ്ക്ക് സംരംഭകരെ ആകർഷിക്കുകയെന്ന ലക്ഷ്യം കൈവരിക്കാൻ വ്യവസായ വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങളെ അഭിനന്ദിക്കുന്നു. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ ഭാഗമായി നിലവിലുള്ള പല നിയമങ്ങളും ചട്ടങ്ങളും ലഘൂകരിച്ചും പുതിയ നിയമനിർമ്മാണങ്ങളിലൂടെയും കെ-സ്വിഫ്റ്റ്, ഇൻവെസ്റ്റ്മെന്റ് കേരള പോർട്ടൽ എന്നിവയിലൂടെയും കേരളത്തെ വ്യവസായ സൗഹൃദമാക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. വ്യവസായം ആരംഭിക്കുന്നതിനാവശ്യമായ എല്ലാത്തരം രേഖകളും വേഗത്തിൽ ലഭ്യമാക്കുന്നതിനും അതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെയുള്ള പരാതികൾ ജില്ല/സംസ്ഥാന പരാതി പരിഹാര സമിതികൾ പരിശോധിച്ച് ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിനുമുള്ള വ്യവസ്ഥ ബില്ലിൽ ഉൾപ്പെടുത്തിയത് ശ്ലാഘനീയമാണ്. മികച്ച തൊഴിലവസരങ്ങളൊരുക്കുന്നതിന് സ്റ്റാർട്ടപ്പ് മേഖലയിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കണം. വ്യവസായ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളും എം.എസ്.എം.ഇ. ക്ലിനിക്കുകൾ ആരംഭിച്ചതും സ്വാഗതാർഹമാണ്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി സംസ്ഥാനത്ത് വ്യവസായ സൗഹൃദ അന്തരീക്ഷം വളർത്തിക്കൊണ്ടുവരാൻ സാധിച്ചെങ്കിലും അതിന്റെ നേട്ടങ്ങൾ സമൂഹത്തിലേയ്ക്കെത്തിക്കാൻ കഴിഞ്ഞിട്ടില്ല. സംരംഭകത്വ വർഷവുമായി ബന്ധപ്പെട്ട് എല്ലാ നിയമസഭാംഗങ്ങളും അവരവരുടെ മണ്ഡലങ്ങളിൽ സംരംഭകരെ വിളിച്ചുകൂട്ടുവാനും ഇന്റേൺസിനെ ഉപയോഗിക്കുവാനും മുൻകയ്യെടുക്കുന്നുണ്ടെങ്കിലും ബാങ്കുകളുടെ പിന്തുണയും കൂടി ലഭ്യമായാൽ മാത്രമേ ഈ രംഗത്ത് വലിയ മുന്നേറ്റമുണ്ടാക്കാൻ സാധിക്കുകയുള്ളൂ. റബ്ബർ കമ്പനിയുടെ ഒന്നാം ഘട്ടത്തിന്റെ ഉദ്ഘാടനം സർക്കാരിന്റെ രണ്ടാം വാർഷികത്തിനുമുമ്പ് നിർവ്വഹിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. പെട്രോകെമിക്കൽസ് പാർക്കിന്റെ പ്രവർത്തനത്തിനായി അസംസ്കൃത വസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്താൻ എം.ഒ.യു. ഒപ്പുവച്ചിട്ടുണ്ട്. ചുമട്ടുതൊഴിലാളി മേഖലയുൾപ്പെടെ എല്ലാ പരമ്പരാഗത വ്യവസായ മേഖലകളിലും നൈപുണ്യപരിശീലനം നൽകുന്ന കാര്യം ആലോചനയിലാണ്. കേരളത്തെ ഇ.എസ്.ടി. ഇൻവെസ്റ്റ്മെന്റിന്റെ കേന്ദ്രമാക്കി മാറ്റുന്നതിനുള്ള പോളിസി തയ്യാറാക്കാനായി ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ

പരിഗണനയ്ക്കയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

2022-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

(iii) 2022-ലെ കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ബിൽ

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): 2022-ലെ കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ബിൽ അവതരിപ്പിക്കുന്നു.

മി. ചെയർമാൻ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. പി. രാജീവ്: 2022-ലെ കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ബിൽ വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. പി. രാജീവ്: പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾക്ക് വ്യത്യസ്ത രീതികൾ നിലനിൽക്കുകയും നിരവധി ആക്ഷേപങ്ങളുയരുകയും ചെയ്ത സാഹചര്യത്തിലാണ് പ്രകടനപത്രികയിലെ റിക്രൂട്ട്മെന്റ് ബോർഡ് എന്ന വാഗ്ദാനം ബില്ലിലൂടെ കൊണ്ടുവന്നിട്ടുള്ളത്. പി.എസ്.സി.-ക്ക് വിട്ട നിയമനങ്ങൾ ഒഴികെയുള്ള നിയമനങ്ങളെല്ലാം ഈ റിക്രൂട്ട്മെന്റ് ബോർഡ് വഴിയാക്കുന്നതോടൊപ്പം ബോർഡിലെ ചെയർമാന്റെയും അംഗങ്ങളുടെയും യോഗ്യതകൾ സംബന്ധിച്ച മാനദണ്ഡങ്ങളും നിഷ്കർഷിച്ചിട്ടുണ്ട്. പ്രൊഫഷണലായ ഒരു റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുന്നതുവഴി നിയമനരീതി സുതാര്യമാക്കാൻ സാധിക്കും.

ശ്രീ. നജീബ് കാന്തപുരം ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. പി. ഉബൈദുള്ള: 2022-ലെ കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-12-2022 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ സുതാര്യവും കുറ്റമറ്റതുമാകണമെന്ന ആത്മാർത്ഥത സർക്കാരിനുണ്ടെങ്കിൽ ഈ

നിയമനങ്ങളെല്ലാം പൂർണ്ണമായും പി.എസ്.സി.-ക്ക് വിടണം. കമ്മിറ്റിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വൈദഗ്ദ്ധ്യമുള്ളയാളുകൾക്ക് അവരുടെ വൈദഗ്ദ്ധ്യം പ്രയോജനപ്പെടുത്താനുള്ള അധികാരം നൽകണം. കരിമണൽ ഖനനമടക്കം സ്വകാര്യ ഏജൻസികളെ ഏല്പിക്കാൻ കേന്ദ്ര ഗവൺമെന്റ് മുന്നോട്ടുവരുമ്പോൾ ശക്തമായ ചെറുത്തുനിൽപ്പിന് നേതൃത്വം കൊടുക്കാൻ സംസ്ഥാന സർക്കാരിനാകണം. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുന്നതോടൊപ്പം നഷ്ടത്തിൽ പ്രവർത്തിക്കുന്നവയെ ലാഭകരമാക്കാനുള്ള പദ്ധതിയും ആവിഷ്കരിക്കണം. പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന പ്രായപരിധി കഴിഞ്ഞവരെയും വർഷങ്ങളായി കരാർ/ദിവസവേതന വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരെയും സ്ഥിരപ്പെടുത്തിയശേഷം ബാക്കി ഒഴിവുകൾ റിക്രൂട്ട്മെന്റ് ബോർഡിന് വിടുന്നതിനെക്കുറിച്ച് ആലോചിക്കണം. പ്രവാസ ജീവിതം അവസാനിപ്പിച്ച് തിരികെയെത്തുന്നവർക്ക് പൊതുമേഖലാ സ്ഥാപനങ്ങളിൽ നിശ്ചിത ശതമാനം ഒഴിവുകൾ മാറ്റിവയ്ക്കണം. ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിലെ ജീവനക്കാർക്ക് ബോണസ് വർദ്ധിപ്പിക്കാനും ഇൽമനൈറ്റ്, സൾഫർ എന്നിവയുടെ ലഭ്യത ഉറപ്പുവരുത്താനും നടപടി സ്വീകരിക്കണം. മലപ്പുറം സ്പിന്നിംഗ് മിൽ, കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ്,

എടരിക്കോട് ടെക്സ്റ്റൈൽസ് എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാർക്കുള്ള റിട്ടയർമെന്റ് ആനുകൂല്യങ്ങൾ ലഭ്യമാക്കാനും കാസർഗോഡ് കെൽ-ലെ ജീവനക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. ടി. സിദ്ദിഖ്: 2022-ലെ കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഈ ബിൽ പാസ്സായാൽ സ്വയംഭരണാവകാശമുള്ള സ്ഥാപനങ്ങളിൽ യോഗ്യതയുള്ളവർക്ക് ജോലി ലഭിക്കാത്ത സാഹചര്യമുണ്ടാകും. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, പി.എസ്.സി. എന്നീ സ്ഥാപനങ്ങൾ നിലനിൽക്കെ റിക്രൂട്ട്മെന്റ് നടത്തുന്നതിനായി സ്വയംഭരണാവകാശമുള്ള സ്ഥാപനത്തെ കൊണ്ടുവരാനുള്ള ശ്രമമാണ് നടത്തുന്നത്. പൊതുമേഖലാസ്ഥാപനങ്ങളുടെ മാനേജിംഗ് ഡയറക്ടർ തസ്തികകളിലേയ്ക്കുള്ള നിയമനാധികാരം ബോർഡിന് കൊടുക്കുന്ന നടപടി അപലപനീയമാണ്. സ്വതന്ത്ര്യാധികാരമുള്ള ബോർഡ് എന്ന നിലയിൽ സെലക്ഷൻ റിക്രൂട്ട്മെന്റുണ്ടാക്കി പി.എസ്.സി. പോലുള്ള സംവിധാനത്തെ ഇകഴ്ത്താനും പിൻവാതിൽ നിയമനത്തെ പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള ശ്രമമാണ് നടത്തുന്നത്.

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: ഭേദഗതിയെ പിന്താങ്ങുന്നു. കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് രൂപീകരിക്കുന്നതിലൂടെ പൊതുമേഖലാ സ്ഥാപനങ്ങളിലെ പി.എസ്.സി. മുഖേനയല്ലാത്ത നിയമനങ്ങൾ സുതാര്യമായി നടത്താനും സ്ഥാപനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാനും സംവരണ വിഭാഗങ്ങൾക്ക് പരിഗണന നൽകാനും സാധിക്കും. കരാർ ജീവനക്കാരുടെ പ്രവൃത്തിപരിചയക്കുറവ് സ്ഥാപനത്തിന്റെ ഉല്പാദനക്ഷമത കുറയാൻ ഇടവരുമെന്നതിനാൽ ബോർഡ് രൂപീകരണം അനിവാര്യമാണ്. ട്രാക്കോ കേബിൾ ലിമിറ്റഡിന്റെ ഇരുമ്പനം, തിരുവല്ല യൂണിറ്റുകൾക്ക് 25 കോടി രൂപയുടെ ധനസഹായം നൽകാൻ നടപടിയുണ്ടാകണം.

ശ്രീ. കെ. പി. മോഹനൻ: ഭേദഗതിയെ പിന്താങ്ങുന്നു. പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും മത്സരാധിഷ്ഠിതമായി പ്രവർത്തിക്കുന്നതിനും കാര്യപ്രാപ്തിയുള്ള മേധാവികളുടെ നിയമനം യാഥാർത്ഥ്യമാക്കുന്നതിനും ഈ ബിൽ സഹായകമാവും.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): പി.എസ്.സി.-ക്ക് നിയമനാധികാരം നൽകിയിട്ടുള്ള തസ്തികകൾ കേരള

പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡിൽ ഉൾപ്പെടുന്നില്ല. പൊതുമേഖലാ സ്ഥാപനങ്ങൾ നേരിട്ട് നിയമനം നടത്തുന്നതും സർക്കാർ അംഗീകരിച്ചതുമായ 503 തസ്തികകളാണ് ആദ്യഘട്ടത്തിൽ ബോർഡ് പരിഗണിക്കുന്നത്. സുതാര്യമായ രീതിയിലാണ് ബോർഡിന്റെ നിയമനരീതി ചിട്ടപ്പെടുത്തിയിട്ടുള്ളത്. ഏത് സ്ഥാപനത്തിനും കരിമണൽ ഖനനം നടത്താമെന്നുള്ളതും സ്വകാര്യ മേഖലയ്ക്ക് അനുവാദം നൽകുന്നതും തീരദേശ മേഖലയിൽ പാലിക്കേണ്ട പാരിസ്ഥിതികമായ മാനദണ്ഡങ്ങൾ ലംഘിക്കപ്പെടുന്നതിന് ഇടയാക്കും. കരാർ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിൽ നിയമപരമായ തടസ്സങ്ങളുണ്ടെങ്കിലും സർക്കാരിന് മാനുഷിക സമീപനമാണുള്ളത്. പ്രവാസികളുടെ തൊഴിൽ പ്രശ്നം പ്രത്യേകമായി പരിഗണിക്കുന്നതാണ്. പിരിഞ്ഞുപോയതും നിലവിൽ ജോലി ചെയ്യുന്നതുമായ തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റിയായി ഉചിതമായ തുക നൽകാൻ തീരുമാനിച്ചിട്ടുണ്ട്. KELEML-ലെ തൊഴിലാളികൾക്ക് കുടിശ്ശികത്തുക നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്. 2018-ലെ യു.ജി.സി. റെഗുലേഷൻ പ്രകാരം നിയമനത്തിനുള്ള പൂർണ്ണ അധികാരം ഇന്റർവ്യൂ ബോർഡിനാണ്. ചെയർമാൻ പ്രിൻസിപ്പൽ സെക്രട്ടറി ആയിരിക്കണമെന്നും പൊതുമേഖലാ

സ്ഥാപനത്തിന്റെ ബോർഡിൽ അംഗമെന്ന നിലയിൽ പ്രവൃത്തി പരിചയമുള്ളയാളായിരിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ട്രാക്കോ കേബിൾസ് ലിമിറ്റഡിന്റെ പ്രശ്നങ്ങൾ പരിഹരിക്കുന്നത് സംബന്ധിച്ച് വൈദ്യുതി വകുപ്പുമന്ത്രിയുമായി ചർച്ച നടത്തുന്നതാണ്. പി.എസ്.സി.-ക്ക് വിടാത്ത എല്ലാ തസ്തികകളിലേയ്ക്കും സുതാര്യവും സത്യസന്ധവും അഴിമതിരഹിതവുമായ നിയമനരീതി പൊതുമേഖലാ സ്ഥാപനങ്ങളിൽ ഉറപ്പുവരുത്തുകയെന്നതാണ് ബിൽ കൊണ്ടുദ്ദേശിക്കുന്നത്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ സഭ നിരാകരിച്ചു.

2022-ലെ കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ബിൽ വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

(iv) 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ

അവതരിപ്പിക്കുന്നു.

<u>ക്രമപ്രശ്നം</u> (തുടർച്ച)

(3) <u>ബിൽ യു.ജി.സി. റെഗുലേഷന് വിരുദ്ധമാണെന്നത് സംബന്ധിച്ച്</u>

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: യു.ജി.സി. റെഗുലേഷന് വിരുദ്ധമാണ് ഈ ബിൽ. ചാൻസലറുടെ അധികാരത്തെ പരിമിതപ്പെടുത്തിക്കൊണ്ട് ഗവൺമെന്റിന് താല്പര്യമുള്ളവരെ വൈസ് ചാൻസലർമാരായി നിയമിക്കുന്നതിനുവേണ്ടിയാണ് ബിൽ കൊണ്ടുവന്നിരിക്കുന്നത്. ഇത് ഭരണഘടനാ വിരുദ്ധമായതിനാൽ ബില്ലിന് അവതരണാനുമതി നിഷേധിക്കണം.

<u>ഡോ. ആർ. ബിന്ദു</u>: 2018-ലെ യു.ജി.സി. റെഗുലേഷൻ പ്രകാരം സെർച്ച്-കം-സെലക്ഷൻ കമ്മിറ്റിയിലെ അംഗങ്ങൾ ഉന്നത വിദ്യാഭ്യാസ മേഖലയിൽ പ്രാഗത്ഭ്യമുള്ളവരും സർവ്വകലാശാലയുമായോ അതിൽ അഫിലിയേറ്റ് ചെയ്ത കോളേജുകളുമായോ ബന്ധമില്ലാത്തവരുമായിരിക്കണം. കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ നിർദ്ദേശിച്ച മൂന്നുപേർക്ക് പുറമേ രണ്ടുപേരെ കൂടി ഉൾപ്പെടുത്തി സെർച്ച്-കം-സെലക്ഷൻ കമ്മിറ്റി രൂപീകരിക്കുന്നതിന് തീരുമാനിക്കുകയും പ്രസ്തുത കമ്മിറ്റി സമർപ്പിക്കുന്ന പാനലിൽനിന്നും ചാൻസലർ ഒരാളെ വൈസ് ചാൻസലറായി

നിയമിക്കുകയും ചെയ്യണമെന്ന നിർദ്ദേശം ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. സർവ്വകലാശാലകളുമായി ബന്ധപ്പെട്ട് നിയമനിർമ്മാണം നടത്തുന്നതിന് സംസ്ഥാന സർക്കാരിന് അധികാരമുണ്ട്. ചാൻസലറുടെ വിവേചനാധികാരം കുറയ്ക്കുന്ന വിധത്തിലുള്ള വ്യവസ്ഥകളാണ് ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന വ്യാഖ്യാനം നിലനിൽക്കുന്നതല്ല.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സഭയുടെ അധികാരങ്ങളെ പൂർണ്ണമായും നിരാകരിക്കുന്ന പരാമർശങ്ങളാണ് ക്രമപ്രശ്നത്തിൽ ഉന്നയിച്ചിട്ടുള്ളത്. സർവ്വകലാശാലകളെ സംബന്ധിച്ച നിയമനിർമ്മാണം നടത്തുന്നതിനുള്ള അധികാരം സഭയ്ക്കുണ്ട്. സുപ്രീംകോടതി വിധിയുടെകൂടി അടിസ്ഥാനത്തിലാണ് ബിൽ അവതരിപ്പിച്ചിരിക്കുന്നത്.

**റൂളിംഗ്**

മി. സ്പീക്കർ: നിയമനിർമ്മാണ അധികാരത്തിന് വിരുദ്ധമായ ഒന്നുംതന്നെ ഈ ബില്ലിന്റെ അവതരണത്തിലൂടെയും അനന്തരനടപടികൾ സ്വീകരിക്കുന്നതിലൂടെയും സംഭവിക്കുന്നില്ല. അതുകൊണ്ട് തടസ്സവാദം നിലനിൽക്കുന്നതല്ല.

ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ഡോ. ആർ. ബിന്ദു: വൈസ് ചാൻസലറുടെ നിയമനത്തിനുള്ള ഉയർന്ന പ്രായം 65 വയസ്സായി നിജപ്പെടുത്താൻ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ രംഗത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പരിഷ്കാരങ്ങൾ പ്രാവർത്തികമാക്കാൻ ഈ നിയമം അത്യന്താപേക്ഷിതമാണ്.

ശ്രീ. കെ. പി. എ. മജീദ് ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. ടി. വി. ഇബ്രാഹിം: 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-12-2022 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സർവ്വകലാശാലകളുടെ തലപ്പത്ത് സർക്കാരിന്റെ നിയന്ത്രണത്തിലുള്ളവരെ മാത്രം നിയമിക്കുകയെന്ന ഉദ്ദേശ്യത്തോടെയാണ് ഈ ബിൽ

അവതരിപ്പിച്ചിരിക്കുന്നത്. സംവരണക്രമം അട്ടിമറിച്ച് സർവ്വകലാശാലകളിൽ നടത്തുന്ന നിയമനങ്ങൾ പ്രതിഷേധാർഹമാണ്. ഭിന്നശേഷി സംവരണം, പി.എച്ച്.ഡി. അഡ്മിഷന് പിന്നാക്ക സംവരണം എന്നിവ പാലിക്കപ്പെടുന്നില്ല. കാലിക്കറ്റ് സർവ്വകലാശാലയിൽ സിൻഡിക്കേറ്റ് യോഗങ്ങളിൽ അംഗങ്ങൾക്ക് വിയാജനക്കുറിപ്പ് രേഖപ്പെടുത്തണമെങ്കിൽ ഭൂരിപക്ഷ പിന്തുണ വേണമെന്ന നിബന്ധന ജനാധിപത്യവിരുദ്ധമാണ്. NIRF റാങ്കിംഗിൽ കേരളത്തിലെ സർവ്വകലാശാലകൾ പിന്നാക്കം നിൽക്കുന്ന സാഹചര്യം പരിശോധിക്കപ്പെടണം. പരീക്ഷ നടത്തിപ്പിലും ഫലം പ്രസിദ്ധീകരിക്കുന്നതിലുമുണ്ടാകുന്ന കാലതാമസം, ഉത്തരക്കടലാസ് നഷ്ടപ്പെടൽ എന്നിവ നിരുത്തരവാദപരമായ സമീപനങ്ങളാണ്.

ശ്രീ. എ. പ്രഭാകരൻ ചുമതലപ്പെടുത്തിയതുപ്രകാരം <u>ഡോ. കെ. ടി. ജലീൽ</u>: 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സംസ്ഥാന സർക്കാർ അനുമതിയോടെ മാത്രമേ യൂണിവേഴ്സിറ്റികളിൽ വി.സി.-മാരെ നിയമിക്കാൻ പാടുള്ളൂവെന്ന നിയമം ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്. വി.സി.-മാരെ നിയമിക്കാനുള്ള അധികാരം ഗവർണ്ണറിൽനിന്നും മാറ്റണമെന്ന പൂഞ്ചി

കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശ ഇന്ത്യയിലെ 19 സംസ്ഥാനങ്ങൾ അംഗീകരിച്ചിട്ടുണ്ട്. മൂന്നുപേരടങ്ങുന്ന പാനലിൽനിന്നും ഒരാളെ വൈസ് ചാൻസലറായി തെരഞ്ഞെടുക്കാമെന്നുള്ള നിയമം കൊണ്ടുവരുന്നതിനെ എതിർക്കുന്നത് അപലപനീയമാണ്. വർത്തമാന യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കിയാണ് സർക്കാർ ഇത്തരമൊരു ബിൽ കൊണ്ടുവന്നിട്ടുള്ളത്.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): ചാൻസലറുടെ അധികാരങ്ങൾ ഇല്ലാതാക്കുന്ന യാതൊരു നിർദ്ദേശവും ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടില്ല. സെർച്ച് കമ്മിറ്റി മുന്നോട്ടുവയ്ക്കുന്ന പാനലിൽനിന്നും വൈസ് ചാൻസലറെ നിയമിക്കുന്നതിനുള്ള അധികാരം ചാൻസലറിൽ നിക്ഷിപ്തമാണ്. സർവ്വകലാശാലകളിലെ അധ്യാപക നിയമനങ്ങൾ സുതാര്യമാണ്. എം.ജി. യൂണിവേഴ്സിറ്റിയുടെ ഇംഗ്ലീഷ് ഡിപ്പാർട്ടുമെന്റിൽ കാഴ്ചപരിമിതിയുള്ള വ്യക്തിക്കും കാലിക്കറ്റ് സർവ്വകലാശാലയിൽ പട്ടികവർഗ്ഗ വിഭാഗത്തിൽനിന്നുള്ള വ്യക്തിക്കും അസോസിയേറ്റ് പ്രൊഫസർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. ആഗോള സമൂഹത്തിനാനുപാതികമായ വിദ്യാഭ്യാസ സാഹചര്യങ്ങൾ കേരളത്തിൽ നടപ്പാക്കണമെന്നുള്ള ദൃഢനിശ്ചയത്തോടുകൂടിയാണ് സർക്കാർ മുന്നോട്ടുപോകുന്നത്. കേരളത്തിന്റെ സമ്പദ്ഘടനയുടെ വിപുലീകരണത്തിനും

കേരളീയ സമൂഹത്തിന്റെ പുരോഗമനപരമായ മുന്നോട്ടുപോക്കിനും ഉതകുന്ന രീതിയിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ പ്രയോജനപ്പെടുത്തുക എന്നതാണ് ലക്ഷ്യം. 'അസാപ്' മുഖേനയുള്ള 103 സ്കിൽ കോഴ്സുകളിലൂടെ തൊഴിൽ സ്രഷ്ടാക്കളായും തൊഴിൽ ദാതാക്കളായും വിദ്യാർത്ഥികളെ മാറ്റാനുള്ള പരിശ്രമങ്ങളാണ് ഉന്നത വിദ്യാഭ്യാസ മേഖലയിൽ നടക്കുന്നത്. ഇത്തരം മാറ്റങ്ങൾക്കെല്ലാം നേതൃത്വം നൽകാൻ കഴിയുന്നവരെയാണ് വൈസ് ചാൻസലർമാരായി നിയമിക്കുന്നത്. സർവ്വകലാശാലകളിൽ കാലാനുസൃതമായ നേതൃത്വം ഉണ്ടാകേണ്ടതുണ്ടെന്ന കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് ഇത്തരത്തിൽ ഒരു ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. ചാൻസലറാണ് നിയമനാധികാരി. വാണിജ്യ താല്പര്യങ്ങൾ കടന്നുകൂടാത്തതും സ്ഥാപിത താല്പര്യങ്ങൾക്ക് വിധേയമാകാത്തതുമായ നവവൈജ്ഞാനിക സമൂഹമാണ് സർക്കാർ ലക്ഷ്യമിടുന്നത്. ആഗോളതലത്തിൽ വിദ്യാർത്ഥികൾക്ക് ഇന്റർവ്യൂ അഭിമുഖീകരിക്കുന്നതിനുള്ള പരിശീലനം നൽകുന്നതിനുപുറമേ വ്യക്തിത്വ വികസനത്തിനും കമ്മ്യൂണിക്കേഷൻ സ്കിൽ, ഇംഗ്ലീഷ് ഭാഷാശേഷി എന്നിവ വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ കോഴ്സുകൾ നിലവിലുണ്ട്. പരിഷ്കരണ കമ്മീഷനുകളുടെ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന്റെ ഭാഗമായി കരിക്കുലം റീ-ഡിസൈനിംഗ്

ചെയ്യുന്നതിനനുസരിച്ച് സിലബസ്സുകൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് സർവ്വകലാശാലകൾക്ക് പരിശീലനം നൽകുകയാണ്. സർവ്വകലാശാലകളുടെയും ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങളുടെയും സമൂലവും സമ്പൂർണ്ണവുമായ മാറ്റത്തിന് നേതൃത്വം നൽകാൻ വിചക്ഷണരും വിദഗ്ദ്ധരുമായവരെ വൈസ് ചാൻസലറായി അവരോധിക്കാനുള്ള പരിശ്രമങ്ങളാണ് നടത്തേണ്ടത്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2022-ലെ കേരള സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ വിദ്യാഭ്യാസം സംബന്ധിച്ച VI-ാം നമ്പർ വിഷയനിർണ്ണയ സമിതിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

(v) <u>2022-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ</u>

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): 2022-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2022-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ വിഷയനിർണ്ണയ സമിതിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. സി. ആർ. മഹേഷ് ചുമതലപ്പെടുത്തിയതനുപ്രകാരം ഡോ. മാത്യു കുഴൽനാടൻ: 2022-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 15-11-2022 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ബഡ്ജറ്റ് പ്രസംഗം വെറും പ്രഖ്യാപനങ്ങൾ മാത്രമാകുകയാണ്. കാർഷിക മേഖലയിലെ സാധ്യതകൾ പ്രയോജനപ്പെടുത്താൻ കഴിയുന്ന രീതിയിലുള്ള പദ്ധതികൾ ആവിഷ്കരിക്കാനോ കാർഷിക റിപ്പോർട്ടിന്മേൽ നടപടി സ്വീകരിക്കാനോ ഗവൺമെന്റിന് സാധിക്കാത്തത് പ്രതിഷേധാർഹമാണ്. കാർഷിക മേഖലയെ ആധുനികവൽക്കരിച്ച് ഉല്പാദനക്ഷമത

വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കണം. ഗുണമേന്മയുള്ള തൊഴിലവസരങ്ങൾ നൽകാൻ സാധിക്കാത്തതിനാലും സാമൂഹിക-സാമ്പത്തിക-രാഷ്ട്രീയ കാരണങ്ങളാലുമാണ് യുവാക്കൾ വിദേശരാജ്യങ്ങളെ ആശ്രയിക്കുന്നത്. നഴ്സിംഗ് പോലുള്ള കോഴ്സുകൾക്ക് സീറ്റ് വർദ്ധിപ്പിക്കണം. യുവജനതയെ സ്വാധീനിക്കാൻ കഴിയുന്ന നവ ലിബറൽ സംസ്കാരം ക്രമപ്പെടുത്തിയാൽ മാത്രമെ വിദേശരാജ്യങ്ങളിലേയ്ക്കുള്ള കുടിയേറ്റം നിയന്ത്രിക്കാൻ സാധിക്കുകയുള്ളൂ.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: 2022-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കേരളത്തിന്റെ സമ്പദ്ഘടന പരിപോഷിപ്പിക്കുന്നതിനും പുനരുജ്ജീവിപ്പിക്കുന്നതിനും കാർഷിക മേഖലയുടെ പുനരുദ്ധാരണം മുൻനിർത്തിയുള്ള പദ്ധതികളാണ് സർക്കാർ ആവിഷ്കരിക്കുന്നത്. റവന്യൂ കമ്മി കുറയ്ക്കുന്നതിനും ധനസംബന്ധമായ സുസ്ഥിരത ഉറപ്പാക്കുന്നതിനുമാണ് ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. കേന്ദ്ര-സംസ്ഥാന ബന്ധങ്ങളിൽ ഭരണഘടന വിഭാവനം ചെയ്യുന്ന ഫെഡറൽ തത്വങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് പരിശോധിക്കപ്പെടുകയും ചർച്ചകൾ നടത്തുകയും വേണം. കേരളം

കടക്കെണിയിലേയ്ക്ക് പോകുന്നുവെന്ന ആശങ്ക പരത്തുന്ന പ്രചരണങ്ങൾ വിശകലനം ചെയ്യപ്പെടണം. സംസ്ഥാനത്തിന്റെ ഭരണഘടനാപരമായ അവകാശങ്ങൾ ലംഘിക്കുന്ന തരത്തിലുള്ള നിലപാടുകളാണ് ധനപരമായ കാര്യങ്ങളിൽ കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നത്. പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റഴിക്കുകയും കുത്തകകളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന കേന്ദ്രസർക്കാർ സാധാരണക്കാരുടെ അവകാശങ്ങൾ ഹനിച്ചുകൊണ്ട് ക്ഷേമപ്രവർത്തനങ്ങൾ പരിമിതപ്പെടുത്താനുള്ള ശ്രമങ്ങളാണ് നടത്തുന്നത്. കോവിഡ്-പ്രളയ കാലങ്ങളിൽ നാടിനെ സംരക്ഷിക്കാനും സാമൂഹിക സുരക്ഷിതത്വം ഉറപ്പാക്കി മുന്നോട്ടുപോകാനും സാധിച്ചത് ഗവൺമെന്റിന്റെ നേട്ടമാണ്. നോട്ട് നിരോധനം, അശാസ്ത്രീയമായ ജി.എസ്.ടി. പരിഷ്കാരം, വിഹിതം വെട്ടിക്കുറയ്ക്കൽ, കേന്ദ്രാവിഷ്കൃത പദ്ധതികൾ പരിമിതപ്പെടുത്തൽ, പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റഴിക്കൽ തുടങ്ങി ധനകാര്യ രംഗത്ത് ഏകാധിപത്യ സമീപനം സ്വീകരിക്കുന്ന തെറ്റായ കേന്ദ്ര നയങ്ങൾക്കെതിരെ ഒറ്റക്കെട്ടായി പ്രതികരിക്കാൻ തയ്യാറാകണം.

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): പതിനഞ്ചാം ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ച സാമ്പത്തിക രംഗത്തെ ചിട്ടപ്പെടുത്തലിന്റെ ഭാഗമായാണ് ധനസംബന്ധമായ ഉത്തരവാദിത്ത ബിൽ ഭേദഗതി ചെയ്യുന്നത്.

കടമെടുക്കാനുള്ള സംസ്ഥാനത്തിന്റെ പരിധി മൂന്ന് ശതമാനമായി പരിമിതപ്പെടുത്താനാണ് ഇത്തരമൊരു നിയമം കൊണ്ടുവന്നത്. കോവിഡ് കാലത്ത് എല്ലാ സംസ്ഥാനങ്ങൾക്കും അഞ്ച് ശതമാനം വരെ കടമെടുക്കാൻ അവകാശം നൽകിയിരുന്നു. 2021-2026 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ ആകെ കടബാധ്യത കുറച്ചുകൊണ്ടുവരാനുള്ള നിയമപരമായ ബാധ്യതയിലേയ്ക്ക് എത്താനുള്ള ഭേദഗതിയാണിത്. ആസ്തി വികസന ഫണ്ടുപയോഗിച്ചുള്ള പ്രവൃത്തികൾ ഗവൺമെന്റ് അക്രെഡിറ്റഡ് ഏജൻസികൾ മുഖേന നടത്തുന്നതിൽ നിലനിൽക്കുന്ന തടസ്സങ്ങൾ പരിഹരിക്കുന്നതാണ്. വിദ്യാഭ്യാസ-തൊഴിൽ ആവശ്യങ്ങൾക്കായി വിദേശ രാജ്യങ്ങളിലേയ്ക്ക് പോകുന്ന യുവതലമുറയെ ഇവിടെത്തന്നെ പിടിച്ചുനിർത്താനും ഉന്നത വിദ്യാഭ്യാസം ഉൾപ്പെടെയുള്ള വിവിധ മേഖലകളിൽ കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും കാലഘട്ടത്തിനനുസരിച്ച് സംസ്ഥാനത്തെ വളർത്തിയെടുക്കുന്നതിനുമുതകുന്ന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിവരുന്നത്. ബിൽ വിഷയ നിർണ്ണയ സമിതിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2022-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ വിഷയ നിർണ്ണയ സമിതിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ വിഷയ നിർണ്ണയ സമിതിയുടെ പരിഗണനയ്ക്കയച്ചു.

## VII. അറിയിപ്പ്

ബില്ലുകളിന്മേൽ ഭേദഗതി നോട്ടീസ് നൽകാനുള്ള സമയം ദീർഘിപ്പിക്കൽ

മി. സ്പീക്കർ: 2022 ആഗസ്റ്റ് 31-ന് സഭ പരിഗണിക്കാനിരിക്കുന്ന സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള മൂന്ന് ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തിന്മേലും ബില്ലുകളുടെ വകുപ്പുകളിന്മേലും ഭേദഗതി നൽകാനുള്ള സമയം 30-08-2022-ന് ഉച്ചയ്ക്കുശേഷം 3.00 മണിവരെ നീട്ടിനൽകണമെന്ന ശ്രീ. എ. പി. അനിൽ കുമാറിന്റെ ആവശ്യം ന്യായയുക്തമാണെങ്കിലും ഭേദഗതി നോട്ടീസുകൾ സമയബന്ധിതമായി പ്രോസസ് ചെയ്യുന്നതിന് ബുദ്ധിമുട്ടുണ്ടാകുമെന്നതിനാൽ ബില്ലുകളിന്മേലുള്ള ഭേദഗതി നോട്ടീസുകൾ നൽകുന്നതിനുള്ള സമയം ആഗസ്റ്റ് 30 രാവിലെ 9.00 മണിയായി പുതുക്കി നിശ്ചയിക്കുന്നു.

(2) 2022-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണ മിശ്രിതം (ഉല്പാദനവും വിൽപനയും നിയന്ത്രിക്കൽ) ബില്ലിന്റെ അവതരണവും സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): 2022-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണ മിശ്രിതം (ഉല്പാദനവും വിൽപനയും നിയന്ത്രിക്കൽ) ബിൽ അവതരിപ്പിക്കുന്നു.

ക്രമപ്രശ്നം (തുടർച്ച)

(4) ബില്ലിലെ വ്യവസ്ഥകൾക്ക് മുൻകാല പ്രാബല്യം നൽകുന്നത് സംബന്ധിച്ച്

ശ്രീ. മാത്യു ടി. തോമസ്: 2022-ലെ പത്താം നമ്പർ ഓർഡിനൻസ് കാലഹരണപ്പെട്ട 08-08-2022 മുതൽ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണ മിശ്രിതം (ഉല്പാദനവും വിൽപനയും നിയന്ത്രിക്കൽ) നിയമം പ്രാബല്യത്തിലില്ല. സെലക്ട് കമ്മിറ്റി ചർച്ച ചെയ്ത് മാസങ്ങൾക്കുശേഷം നിയമമായി വരുമ്പോൾ ഓർഡിനൻസ് കാലഹരണപ്പെട്ട തീയതി മുതൽ നിയമം പ്രാബല്യത്തിലാകുന്നതുവരെയുള്ള പ്രവൃത്തികളെ കുറ്റമായി കാണുന്നത് ഭരണഘടനയുടെ 20-ാം അനുച്ഛേദത്തിന്റെ ലംഘനമായതിനാൽ ബില്ലിലെ 19 മുതൽ 25 വരെയുള്ള വകുപ്പുകളുടെ പ്രയോഗത്തിൽനിന്ന് ഈ കാലയളവ് ഒഴിവാക്കണം.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): 2022-ലെ 10-ാം നമ്പർ ഓർഡിനൻസ് 2022 ആഗസ്റ്റ് 8-ാം തീയതി പ്രാബല്യമില്ലാതായതിനാൽ അതിലെ വ്യവസ്ഥകൾ

നിലനിർത്തുന്നതിനായി ഒരു സാധൂകരണ വ്യവസ്ഥകൂടി ഉൾപ്പെടുത്തിയാണ് 2022-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണ മിശ്രിതം (ഉൽപ്പാദനവും വിൽപനയും നിയന്ത്രിക്കൽ) ബിൽ നമ്പർ 128 ആയി പ്രസിദ്ധീകരിച്ചിട്ടുള്ളത്. ബില്ലിലെ ശിക്ഷാനടപടികൾ സംബന്ധിച്ച വ്യവസ്ഥകൾക്ക് സാധൂകരണം നൽകുന്നത് ഭരണഘടനാ വിരുദ്ധമാകുമെന്നതിനാൽ പ്രസ്തുത വ്യവസ്ഥകൾ സെലക്ട് കമ്മിറ്റി പരിഗണനാവേളയിൽ ഒഴിവാക്കാവുന്നതാണ്.

**റൂളിംഗ്**

മി. സ്പീക്കർ: ബിൽ സെലക്ട് കമ്മിറ്റി സമഗ്രമായി പരിശോധിച്ച് കുറ്റമറ്റതും സമ്പൂർണ്ണമായതുമായ ഒരു നിയമനിർമ്മാണത്തിനുള്ള ശിപാർശയോടുകൂടി സഭയുടെ പരിഗണനയ്ക്ക് വരുന്ന ഘട്ടത്തിൽ പരിശോധിക്കാനും ആവശ്യമായ മാറ്റങ്ങൾ വരുത്താനുമുള്ള അവകാശവും അധികാരവും സഭയ്ക്കുണ്ട്. സെലക്ട് കമ്മിറ്റിയുടെ പരിശോധനാവേളയിൽ അത് ഒഴിവാക്കുന്നതായിരിക്കും ഉചിതം.

ബിൽ അവതരിപ്പിച്ചിരിക്കുന്നു.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): 2022-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണ

മിശ്രിതം (ഉൽപ്പാദനവും വിൽപനയും നിയന്ത്രിക്കൽ) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. വി. സുമേഷ് ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീമതി ശാന്തകുമാരി കെ.: 2022-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണ മിശ്രിതം (ഉൽപ്പാദനവും വിൽപനയും നിയന്ത്രിക്കൽ) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 26-08-2022 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ലക്ഷക്കണക്കിന് മനുഷ്യരുടെ ഉപജീവനമാർഗ്ഗമായ ക്ഷീര, മൃഗസംരക്ഷണ മേഖലകളുടെ സംരക്ഷണം ഉറപ്പാക്കുന്നതാണ് ഈ ബിൽ. കേരളത്തിന് പുറത്തുള്ള ലോബികൾ കാലിത്തീറ്റ, കോഴിത്തീറ്റ എന്നിവയുടെ വിലയിലുണ്ടാക്കുന്ന വർദ്ധനവ് ടി മേഖലയിലെ കർഷകരെ ദുരിതത്തിലാക്കുകയും ഫാമുകൾ അടച്ചുപൂട്ടേണ്ട സ്ഥിതിയിലുമാക്കിയിട്ടുണ്ട്. മിതമായ വിലയിൽ കലർപ്പില്ലാത്ത തീറ്റകൾ കേരളത്തിൽ ഉണ്ടാക്കിയെടുക്കുക എന്നുള്ളതാണ് സർക്കാർ ലക്ഷ്യമിടുന്നതെന്നുള്ളത് സ്വാഗതാർഹമാണ്.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീമതി സി. കെ. ആശ: സർ, 2022-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണ മിശ്രിതം (ഉൽപാദനവും വിൽപനയും നിയന്ത്രിക്കൽ) ബിൽ ഒരു സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സംസ്ഥാനത്തെ കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണ മിശ്രിതം എന്നിവയുടെ ഉൽപ്പാദനം, സംഭരണം, വിതരണം, വിപണനം തുടങ്ങിയവയുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനാണ് ബിൽ അവതരിപ്പിച്ചിരിക്കുന്നത്. ടി നിയമംവഴി കാലിത്തീറ്റ, കോഴിത്തീറ്റ എന്നിവയുടെ നിർമ്മാണത്തിൽ ഉപയോഗിക്കേണ്ടതും ഉപയോഗിക്കാൻ പാടില്ലാത്തതുമായ തീറ്റ വസ്തുക്കൾ, അസംസ്കൃത വസ്തുക്കൾ, ചേരുവകൾ എന്നിവ നിർണ്ണയിക്കുവാനും വിപണനത്തിനും സംഭരണത്തിനും ലൈസൻസ് നൽകുവാനും ലൈസൻസിംഗ് അതോറിറ്റിയെ നിശ്ചയിക്കുവാനും നിലവാരമില്ലാത്തതോ, മായം ചേർത്തതോ, വ്യാജ ബ്രാൻഡിംഗ് ഉപയോഗിച്ചിട്ടുള്ളതോ ആയ തീറ്റകൾ വിൽക്കുന്നത് നിരോധിക്കുന്നതിനും വ്യാജ പരസ്യപ്രചരണങ്ങൾ, അനഭിലഷണീയമായ വ്യാപാര നടപടികൾ എന്നിവയുടെ നിരോധനത്തിനും ഗുണനിലവാരമില്ലാത്ത തീറ്റകൾ വിപണിയിൽനിന്ന് തിരിച്ച

വിളിക്കുന്നതിനും നിയമവ്യവസ്ഥകളുടെ ലംഘനം സംബന്ധിച്ച് ഉചിതമായ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിനും സർക്കാരിന് അധികാരം ലഭിക്കുന്നുവെന്നുള്ളത് ശ്രദ്ധേയമാണ്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ചുമതലപ്പെടുത്തിയതുപ്രകാരം

ശ്രീ. കുറുക്കോളി മൊയ്തീൻ: ഭേദഗതിയെ പിന്താങ്ങുന്നു. മനുഷ്യൻ കഴിക്കുന്ന ഭക്ഷണത്തെപോലെതന്നെ മൃഗങ്ങൾക്ക് നൽകുന്ന തീറ്റയിലും വിഷത്തിന്റെ അളവ് വർദ്ധിച്ചുവരികയും വിറ്റാമിനുകളുടെ അളവ് ചുരുങ്ങിവരികയും ചെയ്യുന്ന സാഹചര്യത്തിൽ ടി ബില്ലിന്റെ അവതരണം സ്വാഗതാർഹമാണ്. കേരളാ ഫീഡ്സ് ലിമിറ്റഡ്, മിൽമ എന്നിവവഴി ആവശ്യമുള്ള തീറ്റ ലഭ്യമാക്കാനുള്ള സാഹചര്യമുണ്ടാക്കുകയും സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുന്നതിനും ശ്രമമുണ്ടാകണം. ടി ബില്ലിലെ 4-ാം വകുപ്പിലെ 2, 3 എന്നീ ഉപവകുപ്പുകൾ ഒഴിവാക്കണം. 3-ാം വകുപ്പിലെ 1-ഉം 2-ഉം ഉപവകുപ്പുകളിൽ പറഞ്ഞിട്ടുള്ളതുപോലെ ധാതുലവണ മിശ്രിതം നിർമ്മിക്കുമ്പോൾ ഉപയോഗിക്കാൻ പാടില്ലാത്ത ചേരുവകളെ സംബന്ധിച്ച് ഗസറ്റ് വിജ്ഞാപനം വഴി പ്രഖ്യാപിക്കേണ്ടതില്ല. വ്യക്തികൾ തീറ്റ ഉണ്ടാക്കുന്നതിനെ എതിർക്കുന്നത് കർഷകരെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ 9-ാം വകുപ്പിലെ അപാകത പരിഹരിക്കണം.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): 2022-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണ മിശ്രിതം (ഉൽപാദനവും വിൽപനയും നിയന്ത്രിക്കൽ) ബില്ലിന്റെ പരിഗണനയ്ക്കായി രൂപീകരിക്കാവുന്ന സെലക്ട് കമ്മിറ്റിയിൽ 15 അംഗങ്ങളടങ്ങുന്ന ലിസ്റ്റ് സഭയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

2022-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണ മിശ്രിതം (ഉൽപാദനവും വിൽപനയും നിയന്ത്രിക്കൽ) ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

സഭ വൈകുന്നേരം 6.44-ന് പിരിഞ്ഞു.

* * * *